ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : ഇത് വളരെ വേഗം കമ്മീഷൻ ചെയ്യുന്നതിന് ഒരു മന്ത്രി എന്ന നിലയിൽ വളരെ കൂടുതൽ താൽപര്യം ഞാൻ എടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. മാർക്കറിയാം. ഞാൻ അവിടെ പോയി പല കോൺഫറൻസുകളും കൂടിയിട്ടുണ്ട്. ഇതിനുള്ള വലിയ ബുദ്ധിമുട്ട് സ്ഥലമെടുക്കുന്നതിലാണ്. നമുക്ക് പദ്ധതിക്ക് ആവശ്യമായിട്ടുള്ളത് 17 ഹെക്ടർ സ്ഥലമാണ്. ഇതുവരെ ലഭിച്ചിട്ടുള്ളത് 10 ഹെക്ടറാണ്. ബാക്കി സ്ഥലത്തെ സംബന്ധിച്ച് കോടതികളിൽ പോയി തടസ്സങ്ങൾ സൃഷ്ടിച്ചതുകൊണ്ട് പണി മുന്നോട്ടു നീങ്ങുന്നില്ല. ഇപ്പോൾ അവസാനമായിട്ടാണ്, ഒരു കോൺഫറൻസ് കൂടി ഇവരുമായി ചർച്ച ചെയ്തതിനുശേഷം ഒരു പാക്കേജ് പദ്ധതിക്ക് രൂപം കൊടുത്തു. പാക്കേജ് പദ്ധതിയനുസരിച്ച് അവരുടെ വില മുൻകൂർ തന്നെ എഴുതിക്കൊടുത്ത് വേഗത്തിൽ ചെയ്യുകയാണ്. അടിയന്തിരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ പോകുകയാണ്. കാലതാമസം കൂടാതെ ഇതിന്റെ പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

VI റിപ്പോർട്ടു സമർപ്പണം

(1) 2000-ലെ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനു വേണ്ടി പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, VI-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. പി.ജെ. ജോസഫിനു വേണ്ടി 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ജോസ് ബേബി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VII നിയമനിർമ്മാണകാര്യം

2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദുകുട്ടി) : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദുകുട്ടി) : സർ, 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേഗതി) ബിൽ തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

VIII ക്രമപ്രശ്നം

ബില്ലിന്റെ കോപ്പി നേരത്തെ വിതരണം ചെയ്യാത്തതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സാധാരണ സഭയിൽ ചർച്ച ചെയ്യുന്നതിന് റൂൾ 76-ലെ പ്രൊവൈസോ അനുസരിച്ച് രണ്ട് ക്ലിയർ ഡേയ്സിന് മുൻപ് ബില്ലിന്റെ കോപ്പി സർക്കുലേറ്റ് ചെയ്യണം. provided that no such motion as referred to in sub-rule (1) or sub-rule (2) of this rule shall be made until after copies of the Bill have been made available for the use of members and that any member may object to any such motion being made unless copies of the Bill have been so made available two clear days before the day on which the motion is made and such objection shall prevail ഈ രണ്ടു ക്ലിയർ ഡേയ്സിനു മുമ്പ് ഈ പറയുന്ന ബിൽ സർക്കുലേറ്റ് ചെയ്യേണ്ടതാണ്. ഈ ബിൽ നേരത്തേ സർക്കുലേറ്റ് ചെയ്തില്ല. ഇന്നാണ് ടേബിളിൽ കൊണ്ടു തന്നത്. രണ്ടു ക്ലിയർ ഡേയ്സ് വേണം എന്നു പറഞ്ഞാൽ ഒരു ബിൽ ആകുമ്പോൾ ആ ബിൽ മെമ്പർമാർക്ക് പഠിക്കാനുള്ള അവസരം ആണ്. അതിനുവേണ്ടിയാണ് റൂളിൽ രണ്ടു ദിവസം പ്രൊവൈഡ് ചെയ്തത്. യഥാർത്ഥത്തിൽ ഇപ്പോൾ വരുന്ന ബില്ലുകളൊക്കെ നോക്കിയാൽ പല ബില്ലുകളും മെമ്പർമാർക്ക് 2 ദിവസം കൊണ്ട് പഠിക്കാൻ കഴിയാത്ത അത്രയും വലിയ ബില്ലുകളാണ് വരുന്നത്. അതിനു തന്നെ റൂളിൽ ഒരു ഭേദഗതി വേണം. മിനിമം ഒരു 4 ക്ലിയർ ഡേയ്സ് വേണമെന്നാണ് വ്യക്തിപരമായി എന്റെ അഭിപ്രായം. സർ, റൂൾസ് ഓഫ് പ്രൊസീഡുവറിൽ പറഞ്ഞ രണ്ട് ക്ലിയർ ഡേയ്സ് പോലുമില്ലാതെ ഇന്നു സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. ഞാൻ ഇന്നലെ സഭയിലുള്ള പല മെമ്പർമാരോടും അന്വേഷിച്ചു. അവർക്കാർക്കും ബിൽ കിട്ടിയിട്ടില്ല. ഒരാൾക്കും കിട്ടിയിട്ടില്ല. ബിൽ സർക്കുലേറ്റ് ചെയ്തിട്ടില്ല. ആ ബിൽ ഇന്നാണ് മേശപ്പുറത്ത് വച്ചത്. യാതൊരു കാരണവശാലും ഈ ബിൽ ഇന്ന് ചർച്ചയ്ക്കു എടുക്കാൻ പാടില്ല. ചർച്ച നീട്ടിവയ്ക്കണം. മെമ്പർമാർക്ക് റൂളിൽ പറഞ്ഞ പ്രകാരം രണ്ടു ക്ലിയർ ഡേയ്സ് എങ്കിലും ഈ ബിൽ പഠിക്കാൻ വേണം. ഇതാണ് എന്റെ ഒബ്ജക്ഷൻ.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് പഴയ കാര്യങ്ങളൊന്നും ഓർമ്മിക്കാതെയാണ് ഈ ഒബ്ജക്ഷൻ കൊണ്ടുവന്നത്. ഒരു ബിൽ ചർച്ചയ്ക്ക് എടുക്കുന്നത് ഫസ്റ്റ് ഡേ ആണെങ്കിൽ മറ്റു കാര്യങ്ങൾ ആലോചിക്കാൻ സമയമില്ലാത്തതുകൊണ്ട് ചെയർ തന്നെയാണ് തീരുമാനം എടുക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിലെ ബില്ലുകൾ വരുമ്പോൾ നമ്മൾ തുടർന്നുവരുന്ന പ്രാക്ടീസ്, ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയാണ് തീരുമാനി ക്കുക. അതനുസരിച്ചു തന്നെ ഈ ബിൽ 24-2-2000-ത്തിൽ കൂടിയ ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ച പ്രകാരമാണ് ഈ സഭയിൽ വരുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുമ്പോൾ ഒരു ബിൽ എടുക്കുമ്പോൾ ആദ്യം ചോദിക്കുന്നത് ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ടോ എന്നാണ്. സർക്കുലേറ്റ് ചെയ്യാത്ത ഒരു ബിൽ എടുക്കാൻ അനുവദിക്കുകയില്ല. ഇതു വന്നപ്പോഴും അവിടെ ആ ചോദ്യം വന്നു. ആ ദിവസം ഇതു സർക്കുലേറ്റു ചെയ്തു. ബിസിനസ് അഡ്വൈസറി കമ്മിറ്റി.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കിട്ടിയിട്ടില്ല.

മി. സ്പീക്കർ : പറയുന്നതു കേൾക്കുക. സർക്കുലേറ്റു ചെയ്തു എന്നു പറഞ്ഞാൽ..... കിട്ടിയോ ഇല്ലയോ എന്ന ക്വസ്റ്റ്യൻ രണ്ടാമതല്ലേ ? സർക്കുലേറ്റു ചെയ്തു. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചെയറിലിരുന്ന ഞാൻ തന്നെ പറഞ്ഞതിനു ശേഷം മാത്രമാണ് ഈ ബിൽ സർക്കുലേറ്റു ചെയ്തത്. പക്ഷേ, ഇന്നലെ രാത്രി വളരെ ലേറ്റായിട്ട് ശ്രീ. ഡൊമനിക് പ്രസന്റേഷൻ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞിരുന്നു. അതു പരിശോധിക്കണമെന്ന് തീരുമാനിച്ചു. ഞാൻ സെക്രട്ടറിയെ വിളിച്ചു. പരിശോധിക്കുകയും ചെയ്തു. അപ്പോൾ എനിക്കു ബോധ്യമായി. ഒന്നുകൂടി കൊടുക്കണമെന്നു പറഞ്ഞു. ഒരിക്കൽ കൂടി സർക്കുലേറ്റു ചെയ്തു.

ശ്രീ. പാലോട് രവി : കിട്ടിയിട്ടില്ല.

മി. സ്പീക്കർ : സർക്കുലേറ്റു ചെയ്തു. കിട്ടിയില്ല എന്നു പറയണ്ട. കിട്ടിയവരുണ്ട്. അതിനൊന്നും ഒരു ഡിബേറ്റു വേണ്ട. സർക്കുലേറ്റു ചെയ്തിട്ടുണ്ട്. സർക്കുലേറ്റു ചെയ്ത ശേഷം വീണ്ടും കൊടുക്കാൻ ചെയർ ആവശ്യപ്പെട്ടു. വീണ്ടും കൊടുത്തശേഷമാണ് ഇതു ചെയ്തത്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്നു ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂളിംഗിനെ എതിർക്കുന്നില്ല. അതൊന്നുകൂടി പരിശോധിക്കണം.

മി. സ്പീക്കർ : പരിശോധിച്ചു. സഭയിലാണ് സർക്കുലേറ്റ് ചെയ്തത്. സാധാരണ കവറിൽ കൊടുക്കുന്നത് സഭയിൽ തന്നെ സർക്കുലേറ്റു ചെയ്തു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ സകല പാർട്ടി നേതാക്കൻമാരുമിരുന്നു തീരുമാനിച്ചതാണ്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ ഒരു കാര്യം ശരിയാണ്. ബി.എ.സി-യിൽ ഈ കാര്യം ചർച്ചയ്ക്കെടുത്തപ്പോൾ സാധാരണഗതിയിൽ ബി.എ.സിയുടെ കീഴ്വഴക്കമെന്ന് പറയുന്നത്, സർക്കുലേറ്റു ചെയ്യാത്ത ബിൽ അവിടെത്തന്നെ ഡിസ്ക്കസ് ചെയ്യാറില്ല. ഈ ബില്ലും സർക്കുലേറ്റ് ചെയ്തോ എന്നു ചോദിച്ചപ്പോൾ സർക്കുലേറ്റു ചെയ്തുവെന്നു അവിടെ പറയുകയും അതിന്റെ കോപ്പി അവിടെ കാണിക്കുകയും ചെയ്തു. ഇതിനകത്തു വന്ന ഒരു വിഷയമെന്നു പറയുന്നത്, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ നിന്ന് മെമ്പേഴ്സിന് സർക്കുലേറ്റ് ചെയ്തില്ലായിരിക്കും. ബി.എ.സി-യിൽ കണ്ടു എന്നത് ശരിയാണ്.

മി. സ്പീക്കർ : ബിൽ സർക്കുലേറ്റു ചെയ്തു. എന്നാലും ഇതു പോലുള്ള കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : രണ്ടു ദിവസം മുമ്പേ സർക്കുലേറ്റു ചെയ്യേണ്ടതല്ലേ ?

മി. സ്പീക്കർ : ഞാൻ പറഞ്ഞ കാര്യം ശ്രീ. ആര്യാടൻ മുഹമ്മദിനു മനസ്സിലായിട്ടില്ലേ ? എന്നിരുന്നാലും ഇതുപോലുള്ള കാര്യങ്ങൾ ഭാവിയിൽ കൺഫ്യൂഷനുണ്ടാക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ശ്രീ. സി. ടി. അഹമ്മദ് അലി : Sir, I move that "This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2000 (Ordinance No.3 of 2000).

LIBRARY ARCHIVES Kerala Legislative Assembly

1994-ൽ ഈ സഭ പഞ്ചായത്ത് രാജ് നിയമം പാസ്സാക്കിയെടുത്തത് വളരെയേറെ പ്രതീക്ഷയോടുകൂടിയാണ്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ഓരോ മിനി സർക്കാരായി മാറിവരുമെന്നുള്ള പ്രതീക്ഷയുമായിരുന്നു നമുക്കുണ്ടായിരുന്നത്. ആ പ്രതീക്ഷയ്ക്കൊത്ത് നമുക്ക് പഞ്ചായത്തുകളെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള കാരണം, അധികാരം കൈമാറിയെങ്കിലും ഇപ്പോഴും ജനപ്രതിനിധികളെക്കാളും ഭരണസമിതികളേക്കാളും ഉപരി ഉദ്യോഗസ്ഥൻമാരിലാണ് ഈ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ അന്നു സഭയിൽ പഞ്ചായത്ത് രാജ് നിയമം ചർച്ച ചെയ്യുന്ന ഘട്ടത്തിൽ അത് അവതരിപ്പിച്ച മന്ത്രിയെന്ന നിലയിൽ ഒട്ടേറെ ഭേദഗതികൾ ഇനിയും ആവശ്യമായി വരുമെന്നും ഇനി കാലോചിതമായി മാറ്റങ്ങൾ വരുത്തേണ്ടിവരുമെന്നും സഭയിൽ സൂചിപ്പിച്ചിരുന്നു. അതു സംബന്ധിച്ച് ഇപ്പോഴും ഓരോ മാറ്റങ്ങൾ കാലോചിതമായി വരുത്തിക്കൊണ്ടിരിക്കുകയാണ്. എങ്കിലും കുറേക്കൂടി സമഗ്രമായമാറ്റങ്ങൾ ഇനിയും ആവശ്യമായി വരുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ പഞ്ചായത്തുകളെ സംബന്ധിച്ച് ഏതു ലക്ഷ്യത്തോടുകൂടിയാണോ ഈ പഞ്ചായത്ത് രാജ് നിയമം നടപ്പാക്കിയത് അതു യാഥാർത്ഥ്യമാക്കാനും അധികാര വികേന്ദ്രീകരണം സുശക്തമാക്കാനും ആവശ്യമായ മാറ്റങ്ങൾ ഇനിയും വരുത്തണമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഏതാണ്ട് 990 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളുമാണ് സംസ്ഥാനത്ത് ഇപ്പോഴുള്ളത്. നമ്മളിപ്പോൾ ഒരു തെരഞ്ഞെടുപ്പിന്റെ വക്കത്തെത്തിയിരിക്കുകയാണ്. ഈ നിയമഭേദഗതിയിൽ പ്രധാനമായിട്ടുള്ളത്, പ്രസിഡന്റിനെതിരെയോ വൈസ് പ്രസിഡന്റിനെതിരെയോ ഉള്ള അവിശ്വാസപ്രമേയ യോഗത്തിൽ ഒരു ഉദ്യോഗസ്ഥന് അവിടെ ആദ്ധ്യക്ഷ്യം വഹിക്കാനുള്ള അധികാരം നൽകുന്ന വ്യവസ്ഥയാണ്. 1994-ലെ പഞ്ചായത്തു നിയമത്തിൽ വ്യവസ്ഥ ചെയ്തതായിരുന്നു. അന്ന് ആ ഭാഗത്തു നിന്നുള്ള ബഹുമാനപ്പെട്ട മെമ്പർമാർ ശക്തിയായി എതിർക്കുകയും പിന്നീട് ഭേദഗതിയിലൂടെ അത് ഒഴിവാക്കുകയും ചെയ്തു. ആ പഴയ നിയമം പുനഃസ്ഥാപിക്കാനുള്ള ഒരു നിയമമാണിത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഭരണസമിതി യോഗത്തിൽ അവിശ്വാസപ്രമേയ ചർച്ച നിയന്ത്രിക്കപെടുമ്പോൾ അതു വളരെ നിഷ്പക്ഷവും നീതിപൂർവ്വകവുമായ, യാതൊരു സ്വാധീനവുമില്ലാത്ത, രീതിയിൽ കൈകാര്യം ചെയ്യണമെന്നു മാത്രമാണ് ഞാൻ പറയുന്നത്.

വാർഡ് വിഭജനം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളുടെ കാര്യം എടുക്കാം. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചശേഷം അതിൽ മാറ്റം വരുത്തുന്നതു ഒരിക്കലും ശരിയല്ല കാലാവധി കഴിയാറായ ഘട്ടത്തിൽ ഒരു പഞ്ചായത്തിൽ അതിന്റെ തെരഞ്ഞെടുപ്പിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു: ആ ഘട്ടത്തിൽ പഞ്ചായത്ത് സെക്രട്ടറി വാർഡു വിഭജനം സംബന്ധിച്ച ഉത്തരവു പ്രസിദ്ധീകരിച്ചു. പിന്നീട് അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ജില്ലാകളക്ടർക്ക് അപ്പീൽ നൽകാനുള്ള നടപടികൾ ആരംഭിച്ചു. പിന്നീട് അതിലൊരു മാറ്റം വരുത്തിക്കൊണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കൂടി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മാറ്റങ്ങൾ വരുത്തി. ഇപ്പോൾ വീണ്ടും ഇലക്ഷൻ കമ്മീഷന് എല്ലാമാറ്റവും വരുത്തുന്നതിന് അധികാരം നല്കുന്നു. വാസ്തവത്തിൽ നമ്മുടെ തെരഞ്ഞെടുപ്പ് കമ്മീഷണർക്കുതന്നെ അതിൽ പരാതി കിട്ടിയാലോ അതല്ലെങ്കിൽ പരാതിയില്ലെങ്കിലോ അദ്ദേഹത്തിനാവശ്യമായ മാറ്റം വരുത്താനുള്ള അധികാരം നൽകുന്ന ഒരു വ്യവസ്ഥയാണിത്.ഈ ഘട്ടത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വാർഡ് വിഭജനങ്ങൾ പക്ഷാപാതപരമായി കുറ്റമറ്റതാക്കാനാവശ്യമായ സംവിധാനങ്ങളുണ്ടാകണം. അത് വളരെ നിഷ്പക്ഷവും നീതിപൂർണവുമായിരിക്കണം. അത് യാഥാർത്ഥ്യമാക്കാൻ കഴിയണമെങ്കിൽ അതിൽ കുറേക്കൂടി ഒരു പഠനം നടത്തിക്കൊണ്ട്, അതിൽ ഇപ്പോൾത്തന്നെ വളരെയധികം അപാകതകളുണ്ടായിട്ടുണ്ട്, അത് തീർച്ചയായും പരിഹരിക്കാനാവശ്യമായ നടപടികളുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു ഭേദഗതി കെട്ടിടനിർമ്മാണത്തിലുള്ളതാണ്. പ്രധാന ആക്ടിലെ 220-ാം വകുപ്പിലെ (ബി) ഖണ്ഡമനുസരിച്ച് പഞ്ചായത്ത് പ്രദേശത്തുള്ള ചില റോഡുകളോട് ചേർന്നുകിടക്കുന്ന ഭൂമിയുടെ അതിരിൽനിന്നും മൂന്നുമീറ്ററിനുള്ളിൽ കെട്ടിടനിർമ്മാണം നടത്തുന്നത് നേരത്തേയുള്ള നിയമത്തിൽ നിരോധിച്ചിരുന്നു. ഈ വ്യവസ്ഥയിൽ നിന്നും നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടും കൂടിയോ നിർമ്മിക്കുന്നതിനേയും കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള പാതയോ പാലമോ കെട്ടിടത്തിന്റെ ഭാഗമായുള്ള വെതർ ഷെഡ്ഡോ സൺഷെയ്ഡോ നിർമ്മിക്കുന്നതിനെയും ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ വകുപ്പിനുള്ള ഭേദഗതി. നമ്മുടെ പല കെട്ടിടങ്ങളും നമു ക്കറിയാം റോഡിലാണ് കിടക്കുന്നത്. അത് കൊടുക്കണ്ട എന്ന് ഞാൻ പറയുന്നില്ല. അതേയവസരത്തിൽ പലപ്പോഴും പ്രായോഗികമായി ഇത് നടപ്പാക്കുമ്പോൾ വളരെ സൂക്ഷ്മതയോടുകൂടി നടപ്പാക്കണം. വാഹനങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട്. അതോടൊപ്പംതന്നെ ബഹുനിലക്കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവരുന്നുണ്ട്. അപ്പോൾ സ്വാഭാവികമായും കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഇളവ് അനുവദിക്കുമ്പോൾ അത് നമ്മുടെ ഗതാഗത സൗകര്യത്തേയും മറ്റും എത്രത്തോളം ബാധിക്കുമെന്നതു സംബന്ധിച്ച് കുറേക്കൂടി സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ട്. അതേയവസരത്തിൽ അത് കൊടുക്കേണ്ട എന്നല്ല പറയുന്നത്, അത്യാവശ്യമായി വരുന്ന ഘട്ടങ്ങളിൽമാത്രം കൊടുക്കാമെന്നാണ്. നമുക്കറിയാം പെട്ടെന്ന് ടൗണിലെ ഒരു മുറി പീടികയ്ക്കു തീപിടിക്കുന്നു, അല്ലെങ്കിൽ മറ്റെന്തെങ്കിലും രീതിയിൽ പൊളിച്ചുമാറ്റുന്നു ; കാലവർഷക്കെടുതി കൊണ്ട് കെട്ടിടം പൊളിഞ്ഞുവീഴുന്നു-അപ്പോൾ, സ്വാഭാവികമായും പുനർനിർമ്മാണം നടത്തുമ്പോൾ നമ്മുടെ നിയമം പാലിക്കപ്പെടേണ്ടതുണ്ട്. അപ്പോൾ സ്വാഭാവികമായും അവിടെ സ്ഥലമുണ്ടാകില്ല. അത്തരത്തിലുള്ള ഘട്ടങ്ങളിൽ ആ പാവപ്പെട്ട കുടുംബം നിരാലംബരാകുന്നതും നമുക്ക് കാണാൻ കഴിയുന്ന ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങളിൽ ഉദാരമായ ഒരു സമീപനമുണ്ടാകുന്നത് കുറേക്കൂടി നന്നായിരിക്കും. അതേയവസരത്തിൽ നമ്മുടെ നഗരവികസനത്തിന് തടസ്സമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1999 ഒക്ടോബർ 15-നോ അതിനുമുമ്പോ നടത്തിയ അനധികൃത നിർമ്മാണങ്ങൾ ക്രമീകരിക്കുന്നതിനായി 2335 എ,ബി വകുപ്പിലെ 1-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. 1994-ലെ പഞ്ചായത്ത് നിയമം പാസ്സാക്കിയ ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ആ നിയമത്തിൽ തന്നെ ഏതാണ്ട് മൂന്നുമീറ്റർ റോഡിൽനിന്നും തള്ളിനിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പക്ഷേ, വർഷം നാലുകഴിഞ്ഞിട്ടും പലപ്പോഴും ഇന്നും നിർമ്മാണം അതിനുമുൻപ് ആരംഭിച്ച പല കെട്ടിടങ്ങൾക്കും പല കാരണങ്ങളാൽ ഇളവ് അനുവദിക്കേണ്ടിവരുന്നുണ്ട്. ഇക്കാര്യത്തിൽ എനിക്ക് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരിക്കലും തന്നെ കക്ഷിരാഷ്ട്രീയം കാണാൻ പാടില്ല. പലപ്പോഴും വ്യത്യസ്തമായ ആളുകൾ ഭരിക്കുന്ന അവസരത്തിൽ, ചിലപ്പോൾ പഞ്ചായത്തിനെതിരായുള്ള ആളുകളായിരിക്കും അപേക്ഷ കൊടുത്തിരിക്കുന്നത്, ആ അപേക്ഷ.....

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട മെമ്പർ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ കാര്യം പറഞ്ഞു. കോട്ടയം ടൗണിൽ കോട്ടയം മുനിസിപ്പാലിറ്റിയുടെ അനുവാദം വാങ്ങാതെ ജില്ലാ പഞ്ചായത്തിനുവേണ്ടി യാതൊരു നിബന്ധനയും പാലിക്കാതെ കെട്ടിടം പണി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചിരിക്കുകയാണ്. വേലി വിളവുതിന്നുകയാണ്. ചട്ടം പാലിക്കേണ്ടത് ഗവൺമെന്റാണ്, ജില്ലാ പഞ്ചായത്ത്. ആ പഞ്ചായത്ത് ചട്ടം ലംഘിച്ചുകൊണ്ടാണ് കോട്ടയം ടൗണിന്റെ ഹൃദയ ഭാഗത്ത് കെട്ടിടം നിർമ്മിക്കുന്നത്. ആ സാഹചര്യമുണ്ടായാൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും ?

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നിയമത്തിന്റെ മുൻപിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാവർക്കും തുല്യമായ അവകാശമായിരിക്കണം. ഈ സഭ പാസ്സാക്കുന്ന നിയമം, ശുപാർശയുള്ളവർക്കും ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ടവർക്കും ഏറ്റവും സ്വാധീനിക്കാൻ കഴിയുന്ന ആളുകൾക്കും തുല്യമായ നീതി ലഭ്യമാക്കാനാവശ്യമായ നടപടികൾ ഈ രംഗത്തുണ്ടാക്കണമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപ യോഗിക്കുന്നു. 1994-ൽ ഈ നിയമം പാസ്സാകുന്നതിനുമുമ്പ് നിർമ്മാണം ആരംഭിച്ച പല കെട്ടിടങ്ങൾക്കും വീടുകൾക്കുപോലും നമ്പരിട്ടുകൊടുക്കാതെ അതിന് തെളിവ് ഹാജരാക്കാൻ പറയുന്നുണ്ട്. അതിന് എന്ത് തെളിവാണ് ഹാജരാക്കേണ്ടത് ? പല ബുദ്ധിമുട്ടുകളും കാണും, ചിലപ്പോൾ അത് പൂർത്തീകരിച്ചിട്ടുണ്ടാകും, പലർക്കും പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുണ്ടാകും. അങ്ങനെയുള്ള ഘട്ടത്തിൽ പല പഞ്ചായത്തുകളും അതിന് നമ്പരിട്ടു കൊടുക്കാത്ത ഒരു അവസ്ഥ ഇന്ന് നിലവിലുണ്ട്. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം തന്നെ നമ്മുടെ ബിൽഡിംഗ് റൂളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അതിനൊരു സമഗ്രമായ ചർച്ച ആവശ്യമാണ്. ബഹുമാനപ്പെട്ട ഇസഹാക് കുരിക്കൾ ബിൽഡിംഗ് റൂളിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഈ കാര്യത്തിൽ സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഒരു സമഗ്രമായ ചർച്ച നടത്തിക്കൊണ്ട് ഇന്നത്തെ കാലോചിതമായ വികസന രംഗത്ത് ഒരു കെട്ടിടനിർമ്മാണചട്ടം ആവിഷ്കരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു.

പഞ്ചായത്തുകളെ നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നതിനുവേണ്ടി 10-ാം വകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വമേധയാലോ അപേക്ഷയിൽമേലോ പുനഃപരിശോധന നടത്താനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനാണ്. ആ കാര്യത്തിൽ ഒട്ടേറെ ക്രമക്കേടുകൾ ഇന്ന് ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി തലസ്ഥാനത്തുതന്നെ ധർണ നടക്കുകയും ഇതിനെതിരായി ഒട്ടേറെ വിമർശനങ്ങളുണ്ടാവുകയും ചെയ്തു. ഈ കാര്യത്തിൽ തെരഞ്ഞെടുപ്പു കമ്മീഷനും അതുമായി ബന്ധപ്പെട്ട ആളുകളും തീർച്ചയായും നീതിപൂർവ്വവും നിഷ്പക്ഷവുമായ രീതിയിൽ നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ പുതിയ എന്യൂമറേഷൻ നടത്തിവേണം പുതിയ തെരഞ്ഞെടുപ്പിനെ നേരിടാൻ. ഈ കാര്യം തെരഞ്ഞെടുപ്പു കമ്മീഷന്റെ ചുതമലയിലാണെങ്കിലും എത്രയും വേഗം പുതിയ എന്യൂമറേഷൻ നടത്തി പുതിയ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടെ നമ്മുടെ ബി.എ.സി. തീരുമാനമനുസരിച്ച് ഈ ബില്ലല്ലേ അടുത്ത തിങ്കളാഴ്ചയും കൂടി ചർച്ച ചെയ്യുന്നത്?

മി. ചെയർമാൻ : തിങ്കളാഴ്ച മുനിസിപ്പാലിറ്റി ബില്ലാണ്.

ശ്രീ. ടി. എം. ജേക്കബ്: അന്നത്തെ ധാരണ എന്നുപറയുന്നത് രണ്ടുബില്ലുംകൂടി ഒന്നിച്ചുകൊണ്ടുവന്ന് ചർച്ച ചെയ്തു പോകാമെന്നാണ്. ഇവിടെ അത് പരിശോധിച്ചാൽ വേണ്ടില്ല. അതായത് ടാക്സസ് ബിൽ ചർച്ച ചെയ്തതുപോലെ രണ്ടുംകൂടി ഒരുമിച്ച് അവതരിപ്പിച്ചിട്ട് ചർച്ച നടത്തി അവസാനം ഇന്നലെ ചെയ്തതുപോലെ ചെയ്യാമെന്നാണ് തീരുമാനമെടുത്തിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ഇവിടെ പറഞ്ഞിരിക്കുന്നത് ഇന്ന് പഞ്ചായത്ത് രാജ് ബിൽ തീർക്കാനും തിങ്കളാഴ്ച മുനിസിപ്പാലിറ്റി ബിൽ എടുക്കാനുമാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിനകത്താണ് ക്ലാസ്സ് 10-ലുള്ള അമെന്റ് മെന്റൊക്കെ വരുന്നത്. അതുരണ്ടും കൂടി ഒന്നിച്ച് ഇവിടെ വന്നിട്ട് ഇന്നലെ ചെയ്തതുപോലെതന്നെ ചർച്ച നടത്തി അടുത്ത ദിവസം.....

മി. ചെയർമാൻ : നമ്മുടെ ബി.എ.സി.യുടെ റിപ്പോർട്ടിൽ, ഈ ബിൽ മാർച്ച് രണ്ടാം തീയതി അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ചർച്ച അവസാനിപ്പിക്കുന്നതാണെന്നുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : സർ, പക്ഷേ, അവിടെ എടുത്തതാണ്. ഇതു ഞങ്ങൾ ശ്രദ്ധിക്കാതെ പറ്റിയ ഒരു വീഴ്ചയാണ്. ഞങ്ങൾ ഇവിടെ എല്ലാവരും യോജിച്ചുകൊണ്ടുവന്ന തീരുമാനമെന്ന നിലയ്ക്ക് അത് ശ്രദ്ധിക്കുമായിരുന്നു. പക്ഷേ, ബി.എ.സി.യിൽ എടുത്ത തീരുമാനം ഇന്നലെ ടാക്സസ് ബിൽ ചർച്ച ചെയ്തതുപോലെ രണ്ടു ബില്ലുംകൂടി ഇന്ന് അവതരിപ്പിച്ച് ചർച്ച നടത്തുകയും, രണ്ടിലും സമാനമായിട്ടുള്ള വിഷയങ്ങൾ വരുന്നുണ്ട്, എന്നിട്ട് രണ്ടുംകൂടി അടുത്ത ദിവസം സബ്ജക്ട് കമ്മിറ്റിക്ക് വിടാമെന്നുമാണ്. അപ്പോൾ രണ്ടുദിവസം കൊണ്ട് പർപ്പസ് നടക്കും.....(ബഹളം).....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇതൊരു പ്രധാനപ്പെട്ട ബില്ലാണ്. ഏകദേശം ഇതുമായി സാമീപ്യമുള്ള ഒരു ബില്ലാണ് മുനിസിപ്പാലിറ്റി ബിൽ. ഈ ബിൽ ഇന്നു തീർന്നില്ലെങ്കിൽ അത് അടുത്ത ദിവസത്തേയ്ക്കു കൂടി മാറ്റുന്നതിൽ ഗവൺമെന്റിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. രണ്ടു ബില്ലും ആ പറഞ്ഞ സമയം കൊണ്ടു തീരും. ആ ബില്ലിന്റെ സമയം കുറച്ചു കുറയ്ക്കുക, ഈ ബില്ലിന് കുറച്ചു സമയം കൂടുതൽ കൊടുക്കുക. ബിസിനസ്സിന് ഹൗസിൽ യാതൊരു തടസ്സവുമുണ്ടാകില്ല. ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ടാകില്ല. ഇതൊരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പാണ്. ബില്ലിന്റെ കാര്യമാണെങ്കിൽ നമുക്ക് ഒന്നര മണിക്ക് തീർക്കാം. ബഹുമാനപ്പെട്ട മെമ്പർ ഡിസ് അപ്രൂവൽ സംസാരിക്കുകയാണ്. ഇനി ഒരു മെമ്പർക്കും കൂടി സംസാരിക്കണം. ചുരുങ്ങിയത് രണ്ടു അമെന്റ് മെന്റും (എലിസിറ്റിംഗ് പബ്ലിക് ഒപ്പീനിയനും അതുപോലെ സെലക്ടു കമ്മിറ്റിക്കു വിടുന്നതും) അവതരിപ്പിക്കാനുള്ള അവസരവും കൊടുക്കണ്ടേ ? അതുകൊണ്ട് ഈ പറഞ്ഞ കാര്യം പരിഗണിക്കണം.

ശ്രീ. ടി. എം. ജേക്കബ് : ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം രണ്ടു ദിവസം ഇതിനു വേണ്ടി അലോട്ടു ചെയ്തിട്ടുണ്ടായിരുന്നു. ലോക്കൽ ബോഡീസിനെ സംബന്ധിച്ചിടത്തോളം ബി.എ.സി.യിൽ ചർച്ചയ്ക്കു വന്നപ്പോൾ ഈ രണ്ടു ബില്ലും കൂടി ഒരുമിച്ച് ചർച്ചയ്ക്കു വരട്ടെ എന്നാണ് പറഞ്ഞത്. അത് എങ്ങനെ പ്രിന്റു ചെയ്തുവന്നു എന്നറിയില്ല. നമ്മൾ മാറ്റിവച്ചിരിക്കുന്ന സമയത്ത് തന്നെ ഇതു രണ്ടും സബ്ജക്ട് കമ്മിറ്റിക്ക് പൊയ്ക്കോട്ടെ. പോയിട്ടു തിരിച്ച് വരികയും ചെയ്യാമല്ലോ. സഭയ്ക്ക് എപ്പോൾ വേണമെങ്കിലും അക്കാര്യത്തിൽ തീരുമാനമെടുക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി : തിരുവനന്തപുരത്തു നിന്ന് കോട്ടയത്ത് എത്തുന്ന സമയം കൊണ്ട് ഇന്ന് ഗൾഫ് നാടുകളിൽനിന്ന് നാട്ടിലെത്താൻ കഴിയുന്നുണ്ട്. അതുകൊണ്ട് തെരഞ്ഞെടുപ്പ് സമയത്ത് നാട്ടിൽ വരുന്ന ആളുകൾക്ക് വോട്ടു ചെയ്യുന്നതിനുവേണ്ടി നമ്മുടെ വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. വോട്ടേഴ്സ് ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പേരില്ലാത്തതുകൊണ്ട് അവർക്ക് വോട്ടു ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന 18 വയസ്സു പൂർത്തിയായ മുഴുവൻ ആളുകളെയും വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഏതാണ്ട് 250 കോടി രൂപ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മാറ്റി വച്ച തുക ലാപ്സാകാൻ പോകുകയാണ്. അനുവദിച്ച മുഴുവൻ സംഖ്യയും ചെലവഴിക്കാൻ കഴിയാതെ പാഴായിപ്പോയത് ഈ നടപ്പു വർഷത്തിലാണ്. നടപ്പു വർഷം 1010 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നത്. ഒരു മാസം മാത്രം നടപ്പുവർഷം ഇനി ബാക്കിയുണ്ട്. 20 ശതമാനം പഞ്ചായത്തുകൾ മാത്രമാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ വർഷം അനുവദിച്ച നാലു ഗഡുക്കളും കൈപ്പറ്റിയിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ 10 ശതമാനം പഞ്ചായത്തുകൾക്കുപോലും മുഴുവൻ സംഖ്യയും ചെലവഴിക്കാൻ കഴിയില്ല. കഴിഞ്ഞ വർഷം 150 കോടിയോളം രൂപ ഈ ഇനത്തിൽ പാഴാക്കിക്കളഞ്ഞ അവസ്ഥയാണുണ്ടായത്. ഈ കാര്യത്തിൽ ഒന്നുകിൽ കാലാവധി നീട്ടിക്കൊടുക്കണം, അല്ലെങ്കിൽ ഈ തുക ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഈ സഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ യഥാസമയം തയ്യാറാക്കാത്തതു കാരണം പല നിയമനിർമ്മാണങ്ങളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ സഭ പാസ്സാക്കുന്ന നിയമങ്ങൾക്കനുസൃതമായിത്തന്നെ ചട്ടങ്ങൾക്ക് രൂപം നൽകുവാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നമ്മുടെ ഗ്രാമപ്രദേശങ്ങൾ പ്രകൃത്യാതന്നെ സുന്ദരമാണ്. ഗ്രാമീണർ പൊതുവെ നൻമ നിറഞ്ഞവരാണ്. ഇപ്പോൾ നഗരസഭകളെക്കാൾ ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ തൊഴിൽദാന പദ്ധതികളും വികസന പ്രവർത്തനങ്ങളും നടന്നു വരികയാണ്. കൂടുതൽ നികുതി ഭാരം എന്നല്ലാതെ ഗ്രാമവികസനം നടക്കാതെ പോകുന്നു. ഗ്രാമസഭകൾ മുതലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പല പദ്ധതികളും നഷ്ടപ്പെടാൻ പോകുന്നു. കോർപ്പറേഷൻ ഏരിയയിലും മുനിസിപ്പാലിറ്റി പ്രദേശങ്ങളിലും പ്രധാന ഗ്രാമ പഞ്ചായത്തുകൾ രൂപീകരിച്ചാൽ മാത്രമേ യഥാർത്ഥ അധികാര വികേന്ദ്രീകരണം സാധ്യമാകൂ. അതുകൊണ്ട് ഇപ്പോൾ കോർപ്പറേഷൻ ഏരിയയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് ഉപേക്ഷിക്കണം. പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനു പകരം കോർപ്പറേഷനുകളിൽ ഇത്തരം ഏരിയകൾ പെടുത്തുന്നത് ഒരിക്കലും നീതീകരിക്കാൻ കഴിയാത്തതാണ്.

അതുപോലെ ഫെഡറൽ സമ്പ്രദായം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് കേന്ദ്ര-സംസ്ഥാന ബന്ധം ആരോഗ്യകരമായിരിക്കേണ്ടത് അനുപേക്ഷണീയമാണ്. കേന്ദ്ര ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള പണം കേന്ദ്രം പഞ്ചായത്തുകൾക്ക് നേരിട്ടു നൽകാൻ പോകുന്ന സ്ഥിതി ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. ജവഹർ ഗ്രാമ സമൃദ്ധിയോജന എന്നു പുനർനാമകരണം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ പ്രധാനമായും പഞ്ചായത്തുകൾക്കാണ് കേന്ദ്രസർക്കാർ എ.എസ്. നൽകാൻ പോകുന്നത്. അതു ശരിയല്ല. സംസ്ഥാന ഗവൺമെന്റ് മുഖേനയായിരിക്കണം നൽകേണ്ടത് എന്നുകൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

890/2010.

LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി 23 പഞ്ചായത്തുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. എത്രയോ വർഷങ്ങൾക്കു മുമ്പ് പുതിയ പഞ്ചായത്തുകൾ വന്നതാണ്. അതുകൊണ്ട് ജനസംഖ്യ കണക്കെടുക്കുമ്പോൾ പുതിയ പഞ്ചായത്തുകൾ കുറെക്കൂടി നിലവിൽ വരേണ്ടതാവശ്യമാണ്.

പഞ്ചായത്തുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആർ.ഡി.ബി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. അതുപോലെ തന്നെ ഡൈനിംഗ് ഹാൾ അടക്കമുള്ള സൗകര്യപ്രദങ്ങളായ കമ്മ്യൂണിറ്റി ഹാളുകൾ ആവശ്യമാണ്. അതുപോലെ മാർക്കറ്റുകൾ, ഷോപ്പിംഗ് കോപ്ലക്സുകൾ, സ്റ്റേഡിയം, മൽസ്യമാർക്കറ്റുകൾ, അറവുശാലകൾ, പച്ചക്കറി മാർക്കറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുക. നികുതി കൂടിക്കൂടി വരുന്ന സാഹചര്യത്തിൽ, നികുതി ഇനി വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, നികുതിയിതര വരുമാനമുണ്ടാക്കുന്നതിനുവേണ്ടി ഇത്തരം പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ പഞ്ചായത്തുകൾക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയും.

പഞ്ചായത്തുകളിൽ സമഗ്രമായ സർവേ നടത്തി വേണമായിരുന്നു ജനകീയാസൂത്രണ പദ്ധതികളും മറ്റു പദ്ധതികളും നടപ്പിലാക്കേണ്ടത്. അതുപോലെ ഓരോ പഞ്ചായത്തിലേയും റോഡുകളെത്ര, പാലങ്ങളെത്ര, ഗ്രാമീണ റോഡുകളെത്ര, പി.ഡബ്ല്യൂ.ഡി റോഡുകളെത്ര, ആശുപത്രികളെത്ര, സ്കൂളുകളെത്ര, ഇലക്ട്രിസിറ്റി എത്തിയ സ്ഥലങ്ങളെത്രയുണ്ട്, ജലസേചന സൗകര്യങ്ങൾ ഏതെല്ലാം സ്ഥലങ്ങളിലുണ്ട്-ഇവയുടെ വ്യക്തമായ കണക്കുകൾ ശേഖരിക്കേണ്ടതാണ്. ജനകീയാസൂത്രണം ചില പഞ്ചായത്തുകളിൽ വളരെയേറെ വികസന സാധ്യതകളുളവാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇവയെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ കുറെക്കൂടി നന്നായി നടത്താൻ സാധിക്കുമായിരുന്നു. ഓരോ പഞ്ചായത്തുകളിലേയ്ക്കും ചെറിയ ചെറിയ പദ്ധതികൾ തയ്യാറാക്കി ഓരോ വാർഡിലേക്കും അതു വീതിച്ച് പദ്ധതികൾ നടത്തിക്കുക എന്നുള്ളത് അശാസ്ത്രീയമാണ്. അതുകൊണ്ട് ഒരു പഠനം നടത്തിക്കൊണ്ട് കാര്യങ്ങൾ ശരിയാക്കുന്നതോടൊപ്പം ഒരു സമഗ്രമായ സർവേയും നടത്തണം. വിദ്യുച്ഛക്തിയില്ലാത്ത, ഹൈസ്കൂളുകളില്ലാത്ത എത്ര മേഖലകളുണ്ട്, എത്ര വാർഡുകളുണ്ട് എന്നു കണ്ടെത്തണം. ഇതു സംബന്ധിച്ച് സമഗ്രമായ ഒരു പദ്ധതിക്കു രൂപം നൽകുമ്പോൾ അതു പ്രത്യേക പരിഗണനയ്ക്കു വിധേയമാക്കണം. അങ്ങനെ പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഇന്നത്തെ അസമത്വം ഒഴിവാക്കാൻ കഴിയും. പഞ്ചായത്ത് രാജ് നിയമത്തിലെ കാതലായ പ്രശ്നം തന്നെ അഴിമതി നിരോധനമാണ് ; അതുപോലെ തന്നെ സുതാര്യത. അതിനുവേണ്ടി പ്രവർത്തിക്കുന്ന ഓംബുഡ്സ്മാൻ നിയമമുണ്ട്. ഇതു നിർമ്മിക്കാൻ ഇന്നുവരെ നമുക്ക് കഴിയാതെ പോയിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം, വികസന പ്രവർത്തനങ്ങൾ പലതും ഗുണനിലവാരമില്ലാത്ത രീതിയിലാണ് പോകുന്നത് ; അതൊഴിവാക്കിക്കൊണ്ട് ഏറ്റവും ഗുണനിലവാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെടുക്കുന്ന വാർഷിക പദ്ധതികൾ വിദഗ്ദ്ധ സമിതികൾ തള്ളിക്കളയുകയാണ് ചെയ്തത്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണം-അതാണ് ജനാധിപത്യം. ജനങ്ങളാലുള്ള ഭരണം, ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം. ജനങ്ങളാൽ തെരഞ്ഞെടുക്കപെടുന്ന ഭരണസമിതികൾക്ക് ഇന്നു യാതൊരു അധികാരവുമില്ല; അവർ തയ്യാറാക്കുന്ന പദ്ധതികൾ വിദഗ്ദ്ധ സമിതികൾ തള്ളിക്കളയുന്നു. ആ വിദഗ്ദ്ധ സമിതികളിൽ പല

LIBRARY ARCHIVES Kerala Legislative Assembly

തോറ്റാളികളുമുണ്ട്. തെരഞ്ഞെടുപ്പിൽ മത്സരിച്ച് തോറ്റ ആളുകൾ ഉണ്ട്. അതുപോലെ പലരുമുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഈ ജനകീയ സമിതികളെടുക്കുന്ന ആ പദ്ധതികൾ അംഗീകരിക്കാനും അതിൽ മാറ്റം വരുത്താനും ജനകീയ സമിതികൾക്കുമാത്രമേ അധികാരമുണ്ടായിരിക്കാൻ പാടുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടിയുണ്ടാകണം. 651 കോടി രൂപ കഴിഞ്ഞ വർഷം കേരളാ ഇലക്ട്രിസിറ്റി ബോർഡിനും കേരള ഹൗസിംഗ് ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കുമായി വീതിച്ചു നൽകുകയുണ്ടായി. അതിൽ 51 കോടി രൂപയാണ് കഴിഞ്ഞ വർഷം നമ്മുടെ ജനകീയാസൂത്രണ പദ്ധതിയിൽ ചെലവഴിച്ചത്. പക്ഷേ, ഒരു വർക്കും ഇന്നുവരെ തുടങ്ങിയിട്ടുപോലുമില്ലാതെ ഡെഡ് ആയി കിടക്കുകയാണ്. ഇതു നമ്മുടെ പഞ്ചായത്തുകൾക്കുള്ള പണമാണ്. അതുകൊണ്ട് ഇക്കാര്യത്തിലും ആവശ്യമായ നടപടി സ്വീകരിക്കണം. പഞ്ചായത്ത് രാജ് ആക്ടിൽ പറയുന്ന ടൗൺ പഞ്ചായത്ത് ഇതുവരെ രൂപീകരിച്ചിട്ടില്ല. ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കുവാനാവശ്യമായ നടപടികളുണ്ടാകണം. ലക്ഷം വീടുകൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

ശ്രീ. പി. ജെ ജോയി : സർ, അദ്ദേഹം കൊണ്ടുവന്ന ഒരു പ്രധാനപ്പെട്ട നിയമമാണ്. അതിന് പ്രത്യേകമായി കുറച്ചു സമയം കൂടി കൊടുക്കണം.

മി. സ്പീക്കർ : സമയമില്ലാത്തതുകൊണ്ടാണ്. ബാക്കിയുള്ളവർക്കും ഇത് അവതരിപ്പിക്കണ്ടേ ; ഇനി ഒരു ഓർഡിനൻസ് നിരാകരണമുണ്ട്. അതിനെ സപ്പോർട്ട് ചെയ്യണം. ഭേദഗതികൾ വേണ്ടേ ? മന്ത്രിയുടെ മറുപടി വേണ്ടേ?

1 PM.]

ശ്രീ. പി. ജെ. ജോയി : അടുത്ത ദിവസമെടുക്കാം.

മി. സ്പീക്കർ : അടുത്ത ദിവസമെടുത്താൽ അടുത്ത ദിവസത്തെ അംഗങ്ങളുടെ അവകാശം പോകും. നമ്മൾ ഏതായാലും ഈ രൂപത്തിൽ ബിസിനസ്സ് പ്ലാൻ ചെയ്തുപോയി. അതിന്റെ അടിസ്ഥാനത്തിലേ എടുക്കാൻ പറ്റുകയുള്ളൂ. ഞാൻ ഇത് ക്ലബ് ചെയ്യാൻ ശ്രമിച്ചാൽതന്നെ അടുത്ത ദിവസമുള്ള ഓർഡിനൻസ് നിരാകരണത്തിന്റേയും മെമ്പർമാർക്കുള്ള അവകാശവും നഷ്ടപ്പെടും.

ശ്രീ. പി. ജെ. ജോയി : ഇന്നു ഒന്നരമണി എന്നുള്ളത് രണ്ടാക്കിയാൽ മതി.

മി. സ്പീക്കർ : രണ്ടുംകൂടി ക്ലബ് ചെയ്ത് എടുത്ത് അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കാം എങ്കിൽ I will agree.

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു ഇപ്പോൾ എങ്ങനെ പറയാൻ പറ്റും?

മി. സ്പീക്കർ : അതാണ് ഞാൻ പറഞ്ഞത് അംഗങ്ങളുടെ അവകാശം, പ്രതിപക്ഷത്തിന്റെ അവകാശമാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ് : നമുക്ക് പറ്റിയത് കമ്മ്യൂണിക്കേഷൻ ഗ്യാപ്പിൽ സംഭവിച്ചതാണ്. നമ്മൾ ഉദ്ദേശിച്ചത് ഇന്നലത്തെപ്പോലെതന്നെ രണ്ട് ബില്ലുംകൂടി ക്ലബ് ചെയ്തെടുത്തിട്ട് ഒന്നിച്ച് ഡിസ്കസ്സ് ചെയ്ത് അടുത്ത ദിവസം അവസാനിപ്പിക്കാമെന്നായിരുന്നു അന്ന് ബി.എ.സി.യിൽ നമ്മളൊക്കെ പറഞ്ഞതിന്റെ ഉള്ളടക്കം. പക്ഷേ, പ്രിന്റ് ചെയ്തുവന്നപ്പോൾ ഇങ്ങനെ വന്നു, സഭ അഡോപ്റ്റ് ചെയ്തു. ആരും അത് പോയിന്റ് ഔട്ട് ചെയ്തില്ല. സഭ അംഗീകരിച്ചത് അനുസരിച്ച് ഈ ചർച്ച ഇന്ന് അവസാനിപ്പിക്കണം. നമ്മൾ ഒരു ധാരണയിലെത്തിയാൽ വേണമെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഞാനൊന്നു പറയട്ടെ, ഇന്നലത്തേതും ഇന്നത്തേതും തമ്മിൽ വ്യത്യാസമുണ്ട്. ഇന്നലത്തേത് എന്ന് പറയുന്നത് ഒരു ഓർഡിനൻസ്, രണ്ട് ബിൽ. ഇന്നത്തേത് രണ്ട് ഓർഡിനൻസ് രണ്ട് ബിൽ. ഒരു ഓർഡിനൻസിന് ഞാൻ തന്നെയാണ് ക്ലാരിഫിക്കേഷൻ വാങ്ങിയിട്ട് രണ്ടാക്കിയത്. അല്ലെങ്കിൽ ഒരു ബില്ലായിട്ട് എടുക്കാമെന്നാണ് വിചാരിച്ചിരുന്നത്. അത് മാറ്റിയിട്ട് നമ്മൾ രണ്ടാക്കിയതാണ്. അതുകൊണ്ട് ഇതിനെ ക്ലബ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : എനിക്ക് രണ്ട് മിനിറ്റുകൂടി വേണം.

മി. സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലി കാര്യം പറയുന്നത് മനസ്സിലാക്കണം. ആകെ ഒരു മണിക്കൂർ സമയമുള്ളതിൽ അര മണിക്കൂർ അങ്ങ് സംസാരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി : ഞാൻ ഉടനെ നിർത്താം. സർ, നമ്മുടെ സംസ്ഥാനം ഇൻഡ്യയ്ക്കു മാതൃകയായ ഒരു സംസ്ഥാനമാണ്. നമ്മുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ നമുക്ക് കഴിയണം. അതിന് നമ്മുടെ നേതാക്കന്മാർ, വിവിധ രാഷ്ട്രീയ നേതാക്കൾ ഒരു വട്ടമേശയ്ക്കു ചുറ്റുമിരുന്നുകൊണ്ട് പാർലമെന്റിനേപ്പോലെയോ നിയമസഭയെപ്പോലെയോ നയപരമായ കാര്യങ്ങൾ തീരുമാനിക്കുകയല്ല. അവിടെ എകകണ്ഠമായിട്ടാണ് മിക്ക തീരുമാനങ്ങളും എടുക്കുന്നത്. അതുകൊണ്ട് നഗരസഭകളിലും പഞ്ചായത്തുകളിലും കഴിയാവുന്നിടത്തോളം കക്ഷിരാഷ്ട്രീയത്തിനതീതമായി കാണണം. അതുപോലെതന്നെ തെരഞ്ഞെടുപ്പിൽ പോലും യോജിച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായി ആ സ്ഥാപനങ്ങളെ വളർത്തിയെടുക്കാനുള്ള സാഹചര്യമുണ്ടാക്കാൻ കൂടിയാലോചിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോയി : സർ, ഓർഡിനൻസ് നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ഓർഡിനൻസ് ഇറക്കിയതിന് കാരണം കാണിച്ചുകൊണ്ടുള്ള ചട്ടപ്രകാരമുള്ള പ്രസ്താവന എല്ലാ അംഗങ്ങൾക്കും നൽകുകയുണ്ടായി. ഈ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ള കാര്യം എന്താണ് ? ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ച് ഓർഡിനൻസിന്റെ ചട്ടപ്രകാരമുള്ള പ്രസ്താവനയാണ് ഇറക്കുന്നത്. അതിൽ ഉദ്ദേശ കാരണങ്ങളുടെ വിവരണം അങ്ങനെതന്നെ പറയുന്നതല്ലാതെ ഒരു തരത്തിലും അതിന് കാരണം പറയാറില്ല. ഇന്നും കാരണം പറഞ്ഞിട്ടില്ല. അങ്ങ് ഇത് ശ്രദ്ധിക്കണം. ഇതിന് എന്താണ് കാരണം ? കഴിഞ്ഞ ഡിസംബർ മാസത്തിലാണ് സഭ ചേർന്നത്. ഡിസംബർ അവസാനം വരെ സഭയുണ്ടായി. അതിനുശേഷം ജനുവരി ആദ്യം തന്നെ സഭ തീരാനിരുന്നു ഓർഡിനൻസ് ഇറക്കാൻ. അതുകൊണ്ട് ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന് അദ്ദേഹം അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. എന്താണ് ഇതിന് അർജൻസിയായിട്ടുള്ള കാര്യങ്ങൾ ? അതിനുള്ള കാര്യങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. കെട്ടിട നിർമ്മാണം അനധികൃതമായി നടത്തുന്നത് ക്രമവൽക്കരിക്കാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണം പഞ്ചായത്ത് രാജ് അല്ലെങ്കിൽ മുനിസിപ്പൽ ആക്റ്റ് ഭേദഗതിയൊക്കെ വരുന്നതിൽ കാണുന്ന ഒരു കാര്യം അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കണം എന്നാണ്. 1998 ഡിസംബർ 31-ന് മുൻപുള്ളതുവരെ ക്രമവൽക്കരിച്ചുകൊടുത്തു. 1999 ഒക്ടോബർ 15-ാം തീയതിവരെയുള്ളത് ക്രമവൽക്കരിക്കണം. ഇപ്പോഴും അനധികൃത കെട്ടിടങ്ങളുടെ പണി നടക്കുകയാണ്. രേഖയിൽ വരുമ്പോൾ ഈ ഡേറ്റിന് മുമ്പ് എന്നു നമ്മൾ പറയും.

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു കടലാസ് ആ നിലയിലുണ്ടാക്കി വയ്ക്കും. അതിന് പുറകിൽ വ്യാപകമായ അഴിമതി നടക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. പഞ്ചായത്തുകളുമൊക്കെ ഒത്തുചേർന്നുകൊണ്ട് അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക അതുപോലെതന്നെ അത് ക്രമവൽക്കരിച്ച് കൊടുക്കുന്ന നടപടി ഒരിക്കലും നല്ലതല്ല എന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി എന്തിനാണ് ഒരു അർജൻസി ? അതിനുവേണ്ടി എന്തിനാണ് ഒരു ഓർഡിനൻസ് ? അതുപോലെതന്നെ ഇലക്ഷൻ കമ്മീഷന് വാർഡ് പുനഃസംഘടന പരിശോധിക്കാൻ പ്രത്യേകവകുപ്പ് ഇതിനകത്ത് ചേർത്തു. ഇലക്ഷൻ കമ്മീഷൻ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല. ഇലക്ഷൻ കമ്മീഷൻ അവിടെ കളക്ടറെ ചുമതലപ്പെടുത്തി. കളക്ടർ കളക്ടറുടെ കീഴിലുള്ള മറ്റുദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി. അതിൻമേൽ അപ്പീൽ കൊടുക്കാൻ, അപ്പീൽ കൊടുത്തില്ലെങ്കിലും ഇലക്ഷൻ കമ്മീഷന് തീരുമാനമെടുക്കാം എന്നാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇലക്ഷൻ കമ്മീഷൻ ആരെയാണ് നിയോഗിച്ചതെന്ന് അറിയാമോ ? പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ. കളക്ടറേക്കാൾ വലിയ ആളാണോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ? കളക്ടർ തന്ന റിപ്പോർട്ട് പരിശോധിച്ച് അപാകത പരിഹരിക്കാൻ നിങ്ങൾ ചുമതലപ്പെടുത്തിയത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയാണ്. അതായത് കളക്ടറിന് താഴെയുള്ള ഒരു ഉദ്യോഗസ്ഥനെ. അപ്പോൾ എന്താണ് ഈ നിയമത്തിലെ പ്രാധാന്യം. യാതൊരു തരത്തിലും നീതീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഇലക്ഷൻ കമ്മീഷന് അധികാരം കൊടുത്തോളൂ. ഇലക്ഷൻ കമ്മീഷൻ ശ്രീ. ടി.എൻ.ശേഷൻ ആണോ ? ഇലക്ഷൻ കമ്മീഷൻ അദ്ദേഹത്തിന് ഇല്ലാത്ത അധികാരം ഉപയോഗിക്കുന്ന അംഗീകൃത രാഷ്ട്രീയ കക്ഷികളെ വരെ ഭീഷണിപ്പെടുത്തുന്ന നടപടിയുമായി പോകുന്നത് പലപ്പോഴും നാം കണ്ടു. ഇലക്ഷൻ കമ്മീഷൻ ആ നിലയിൽ എല്ലാ പത്രങ്ങൾക്കും നൽകിയ പ്രസ്താവന ഞാൻ വായിച്ചു.

ശ്രീ. ടി. കെ. ബാലൻ : സർ, ഈ സഭയിൽ അംഗമല്ലാത്ത ഭരണഘടനാദത്തമായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ച് ഇല്ലാത്ത അധികാരം ഉപയോഗിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആരോപണം രേഖയിൽ കാണാൻ പാടില്ല.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ ഇലക്ഷൻ കമ്മീഷനെപ്പറ്റി പറഞ്ഞത്, യു.ഡി.എഫ്. നടത്തിയ ഒരു സമരത്തിൽ അദ്ദേഹം ഒരു പത്രസമ്മേളനം നടത്തി, പ്രതികരണം നടത്തി. അങ്ങനെ പ്രതികരിക്കാൻ എന്താണ് അവകാശം ? ആ തരത്തിൽ പത്രത്തിൽ വാർത്ത വന്നതു കൊണ്ടാണ് അങ്ങനെ പറയേണ്ടിവന്നത്. ഇവിടെ അങ്ങനെയുള്ള പ്രവർത്തനത്തിന് ഒരു ഇലക്ഷൻ കമ്മീഷന് അധികാരം കൊടുത്തോ ? ഇലക്ഷൻ കമ്മീഷന് ആ നിലയിൽ ചില നിയന്ത്രണങ്ങളുണ്ടാകണം.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഒരു പട്ടികജാതിക്കാരൻ ഉന്നത സ്ഥാനം വഹിക്കുന്നതിലുള്ള ഗുണമില്ലായ്മ വർത്തമാനമാണ് പറയുന്നത്. ഇലക്ഷൻ കമ്മീഷനെ വിമർശിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ഞാൻ സംസാരിക്കുന്നത് റൂൾ 284(1) അനുസരിച്ചാണ്. വെറുതെ വർത്തമാനം പറയുകയല്ല. ഇലക്ഷൻ കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമാണ്. ഇവിടെ പറഞ്ഞതുപോലെ വെറുതെ ഉണ്ടാക്കിയതല്ല. ഭരണഘടനയുടെ അനുച്ഛേദം 243(കെ) അനുസരിച്ചാണ് ഇലക്ഷൻ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. ഭരണഘടനയുടെ 124-ാം വകുപ്പ് അനുസരിച്ച് കമ്മീഷനെ പിരിച്ചുവിടണമെങ്കിൽ പാർലമെന്റിന്റെ ഇരു സഭകളിലും മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണം. വെറുതെ വർത്തമാനം പറയരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : ഇവിടെ രണ്ട് ക്രമപ്രശ്നങ്ങൾ ഉന്നയിച്ചു. ശ്രീ. പി.സി. ജോർജ്ജ് ഉന്നയിച്ച ക്രമപ്രശ്നം കേന്ദ്ര ഇലക്ഷൻ കമ്മീഷനെക്കുറിച്ചാണ്. ഞാൻ പറഞ്ഞത് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന്റെ കാര്യമാണ്. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ ശ്രീ. എം. എസ്. ജോസഫിന്റെ പേരിൽ വിജിലൻസ് എൻക്വയറി ഇല്ലെന്നു പറയാൻ പറ്റുമോ ? വിജിലൻസ് എൻക്വയറി ഉണ്ട്. അതുപോലെ അദ്ദേഹം പത്രപ്രസ്താവന നടത്തി. പത്ര പ്രസ്താവന നടത്തിയെന്ന് പറയുന്നത് സഭയിലില്ലാത്ത അംഗത്തെ എതിർക്കുന്ന കാര്യമാണോ? ആ നിലയിൽ പറഞ്ഞത് ശരിയല്ല.

ശ്രീ. ടി. എം. ജേക്കബ് : കഴിഞ്ഞ നവംബർ 23-ാം തീയതി ഇലക്ഷൻ കമ്മീഷന്റെ കാലാവധി ഒരു വർഷംകൂടി ഗവൺമെന്റ് നീട്ടിക്കൊടുത്ത കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. പി. ജെ. ജോയി : നീട്ടിക്കൊടുത്ത കാര്യം എനിക്കറിയാം. ഞാൻ പറയുന്നത് അങ്ങനെയുള്ള ഇലക്ഷൻ കമ്മീഷന്, അദ്ദേഹത്തിന്റെ അധികാരങ്ങളിൽ ചില നിയന്ത്രണങ്ങൾ വേണം. ഒരു ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ ഒഴിവു വന്നാൽ 7 ദിവസത്തിനകം റിപ്പോർട്ട് ചെയ്തില്ലെങ്കിൽ സെക്രട്ടറിയുടെ പേരിൽ നടപടിയെടുക്കാൻ ഒരു ഭേദഗതി വേണം. എന്റെ നിയോജകമണ്ഡലത്തിൽ തുറവൂർ പഞ്ചായത്തിൽ വൈസ് പ്രസിഡന്റിനെതിരെ ഒരു അവിശ്വാസം വന്നു. 23-11-1999-ലാണ് അവിശ്വാസം വന്നത് 23-11-1999ൽതന്നെ റിപ്പോർട്ട് ചെയ്തു. 11-12-1999-ൽ സെക്രട്ടറി റിമൈൻഡർ അയച്ചു. ഇതുവരെ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. ഇതിനൊരു മാനദണ്ഡം വേണ്ടേ ? അത്തരത്തിലുള്ള ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിട്ടില്ല. കൊണ്ടുവരേണ്ട ഭേദഗതികൾ കൊണ്ടുവന്നിട്ടില്ല. ലോക്കൽ ഫണ്ട് ആഡിറ്റിനെ സംബന്ധിക്കുന്ന ഒരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തി നാലു വർഷം കഴിഞ്ഞാൽ പിന്നെ ലോക്കൽ ഫണ്ട് ആഡിറ്റിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ പാടില്ല എന്നാണ് നിയമത്തിൽ പറയുന്നത്. അതിന് ലോക്കൽ ഫണ്ട് ആഡിറ്റിലല്ലേ അങ്ങനെയൊരു ഭേദഗതി കൊണ്ടുവരേണ്ടത് ? രേഖകൾ യഥാസമയം ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ യഥാസമയം നടപടി എടുക്കേണ്ടതില്ലെന്നു കാണിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കുലർ അയച്ചിട്ടുണ്ടോയെന്നുള്ള ശ്രീ. ഉമ്മൻചാണ്ടിയുടെ ചോദ്യത്തിന് ഇല്ല എന്നാണ് ഇന്നലെ മറുപടി കൊടുത്തിരിക്കുന്നത്. അതിനുശേഷം തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽപ്പേർ ഇതുപോലൊരു ചോദ്യം ചോദിച്ചപ്പോൾ ഉണ്ടെന്ന് മറുപടി പറഞ്ഞു. ഒരു ചോദ്യത്തിന് ഉണ്ടെന്നും അതുപോലെ മറ്റൊരു ചോദ്യത്തിന് ഇല്ലെന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അങ്ങയെക്കൊണ്ട് മറുപടി പറയിപ്പിച്ചിരിക്കുകയാണ്. ഇതൊരു പ്രിവിലേജിന്റെ പ്രശ്നം കൂടിയാണ്. ആ നിലയ്ക്ക് എന്തും ആകാവുന്ന ഒരു സാഹചര്യമാണെങ്കിൽ അങ്ങനെയുള്ള ഒരു ഭേദഗതി കൊണ്ടുവരേണ്ടതായിരുന്നു. അങ്ങനെ കൊണ്ടുവന്നിട്ടില്ല. ഡയറക്ടർ അയച്ച സർക്കുലറിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ആ നിലയ്ക്ക് ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പരമാവധി ഇക്കാര്യത്തിൽ ചെയറുമായിട്ട് കോ-ഓപ്പറേറ്റ് ചെയ്യാൻ ഞാൻ തയ്യാറാണ്. പരമാവധി ചുരുക്കാനും ശ്രമിക്കാം. അതേയവസരത്തിൽ ബില്ലിലെ ഭേദഗതിയിൽ സമയം റെസ്ട്രിക്ട് ചെയ്യുന്ന സമ്പ്രദായം ഇല്ലെന്നുള്ള കാര്യം എന്നെക്കാൾ കൂടുതൽ അങ്ങേക്ക് അറിയാം. ഇതിൽ 7-ാം വകുപ്പിൽ ജനുവരി 18-ാം തീയതി ഇത് നിലവിൽ വരുമെന്ന് പറഞ്ഞുകൊണ്ടുള്ളതാണ് ഒന്നാമത്തെ ഭേദഗതി. ഇലക്ഷൻ കമ്മീഷന് അധികാരം കൊടുക്കുന്ന കാര്യത്തിൽ വലിയ അപാകതകൾ കാണുന്നില്ല. രണ്ടാമത്തെ ഭേദഗതിയെന്നു പറയുന്നത് 235 (എ) മുതൽ (ഇസഡ്) വരെ കെട്ടിട നിർമ്മാണത്തിനുവേണ്ടി അധികാരം നൽകുന്ന കാര്യമാണ്. അതിലും വലിയ അപാകത കാണുന്നില്ല. മൂന്നാമത്തെ ഭേദഗതിയെന്നു പറയുന്നത്, 10-ാം വകുപ്പിൽ 4-ാം ഉപവകുപ്പിൽ സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർ എന്നതിന് ഇലക്ഷൻ കമ്മീഷൻ എന്ന് മാറ്റാനുള്ളതാണ്. അത് അന്നുതന്നെ ചെയ്യേണ്ടതായിരുന്നു. വിട്ടുപോയതാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി മാത്രമല്ല എല്ലാ പേരും ഉത്തരവാദികളാണ്. അന്ന് ഭരണപക്ഷത്തുനിന്നോ പ്രതിപക്ഷത്തുനിന്നോ ഇത് ഉന്നയിക്കേണ്ടതായിരുന്നു. ഉപവകുപ്പ് (1) മുതൽ (3) വരെ ഭേദഗതി ചെയ്തപ്പോൾ നാലാമത്തേത് ചൂണ്ടിക്കാണിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ഭരണപക്ഷത്തു നിന്ന് കൊണ്ടുവരാനും കഴിഞ്ഞില്ല. അതിൽ ഞാൻ അപാകത കാണുന്നില്ല. 10-ാം വകുപ്പിനു ശേഷം 10(എ) എന്ന ഒരു പുതിയ വകുപ്പ് കൊണ്ടുവന്നിരിക്കുകയാണ്. അതായത് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന് അന്തിമമായി ഉത്തരവുകൾ പുനഃപരിശോധന ചെയ്യാമെന്നാണ്. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ 10-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് പുനഃപരിശോധിക്കാവുന്നതും യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. 2(1) ഉപവകുപ്പ് പ്രകാരം പുനഃപരിശോധനയ്ക്ക് പരാതിക്ക് ആസ്പദമായ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. എന്നാൽ ഏത് ഉത്തരവിലാണോ പരാതി ബോധിപ്പിച്ചത് ആ ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്നതിന് എടുത്ത സമയം, പ്രസ്തുത 15 ദിവസം കഴിഞ്ഞോ.....1-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചുകഴിഞ്ഞ് കഴിയുന്നതുംവേഗം പഞ്ചായത്തിലെ നോട്ടീസ് ബോർഡിൽ വയ്ക്കണം. ഒരു ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഒരു അപേക്ഷയിൻമേലോ അപേക്ഷയില്ലാതെ സുവോമോട്ടോ ആയോ ഇലക്ഷൻ കമ്മീഷന് എടുക്കാവുന്ന ഒരു അധികാരം ഒരിക്കലും ശരിയല്ല. അങ്ങനെയൊരു അധികാരം ആർക്കും കൊടുക്കാൻ പാടില്ല. ഒരു നോട്ടിഫിക്കേഷൻ നടന്നു. നോട്ടിഫിക്കേഷൻ നടന്നുകഴിഞ്ഞതിനു ശേഷം ഒരു പരാതി വന്നുവെന്നിരിക്കെ ആ പരാതിയിൻമേൽ ഇലക്ഷൻ കമ്മീഷൻ നടപടിയെടുത്താൽ മനസ്സിലാക്കാം. ഒരു പരാതിയുമില്ലാതെ സുവോമോട്ടോ ആയി ഇലക്ഷൻ കമ്മീഷന് നടപടിയെടുക്കാൻ എന്തിന് അധികാരം നൽകണം ? ഇത് മിസ്യൂസ് ചെയ്യും. ഇതിന്റെ പുറകിലെ ഉദ്ദേശം ഞങ്ങൾക്ക് അറിയാം. അത് എന്താണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. അത് ചെയ്യട്ടെ, അപ്പോൾ പറയാം. ഇതിന്റെ പിന്നിലുള്ള ഉദ്ദേശം ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. ഇപ്പോൾ നേരത്തെ പി.പി. തങ്കച്ചൻ കൊണ്ടുവന്നതാണല്ലോ. അന്ന് താഴോട്ട് അയച്ച സർക്കുലറിന്റെ പരാതിയുടെ കോപ്പി മന്ത്രിയുടെ ആഫീസിൽ അയയ്ക്കണം. ഞങ്ങളിവിടെ വായിച്ചതാണല്ലോ, ആരും എതിർത്തിട്ടില്ലല്ലോ, അതൊക്കെ വാങ്ങിവച്ച് ചില കാര്യങ്ങൾ ചെയ്യാനുള്ള ഒരു പ്രൊവിഷനാണ് ഈ സുവോമോട്ടോ എന്നുള്ളകാര്യം ഞാൻ പറയട്ടെ. അങ്ങനെ ഒരു അധികാരം കൊടുക്കുന്നത് ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ ഇലക്ഷൻ കമ്മീഷനെപ്പറ്റിയൊന്നും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. പക്ഷേ, ഒരുകാര്യം ഇവിടെ പറയാം. ഇലക്ഷൻ കമ്മീഷനെപ്പറ്റി വ്യക്തിപരമായി പറയുന്നത് തെറ്റല്ല. ഒരു ജഡ്ജിന് ഇവിടെത്തന്നെ വ്യക്തമായ റൂളിംഗ് ഉള്ളതാണ്. ഒരു ജഡ്ജിനെ പെഴ്സണലായിട്ട് പറയാൻ പാടില്ല. ജഡ്ജ്മെന്റിനെ ക്രിട്ടിസൈസ് ചെയ്യാം. ഇലക്ഷൻ കമ്മീഷന്റെ ആക്ഷൻസ് ക്രിട്ടിസൈസ് ചെയ്യാം. യാതൊരു തെറ്റുമില്ല. അത് അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അതൊന്നും അസംബ്ലിയിലും പാർലമെന്റിലും പറയാൻ പാടില്ല എന്നു പറഞ്ഞാൽ പിന്നെ എന്തിനാണ് ഇവിടെയിരിക്കുന്നത് ? ടി.കെ. ബാലന് എന്നാണ് ഈ ബോധോദയം ഉണ്ടായത് ?

ശ്രീ. ടി. കെ. ബാലൻ : ഇലക്ഷൻ കമ്മീഷന് സുവോമോട്ടോ ആയിട്ടും പെറ്റീഷൻ ലഭിച്ചാലും അതിന്റെ പേരിൽ നടപടി എടുക്കാൻ കൊടുത്തിട്ടുള്ളത് രാഷ്ട്രീയപ്രേരിതമാണെന്നാണ് ബഹുമാനപ്പെട്ട ആര്യാടൻ ഇവിടെ പറഞ്ഞത്. ആര്യാടന്റെ നേതാവ് വലത്തെ സീറ്റിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. പി.പി. തങ്കച്ചൻ അടക്കമുള്ള ആളുകൾ ഇലക്ഷൻ കമ്മീഷൻ വിളിച്ചിട്ടുള്ള യോഗത്തിൽ വന്ന് ഇങ്ങനെ ഒരു റിവിഷൻ പെറ്റീഷൻ ഇലക്ഷൻ കമ്മീഷന് തരണമെന്ന് വ്യക്തമായി ആവശ്യപ്പെട്ട ഒരു കാര്യം അങ്ങ് അറിയുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാനും കൂടി അതിന് പങ്കാളിയാണ്. ഞാൻ ആ സബ് കമ്മിറ്റിയിലുള്ള ആളാണ്. അന്നു പി.എ.സി. മീറ്റിംഗ് ആയിരുന്നതുകൊണ്ട് എനിക്ക് പോകാൻ സാധിച്ചില്ല. ഞങ്ങളുടെ പാർട്ടിയുടെ ഒരു ഡിമാന്റായിരുന്നു അത്. ഇത് ഒരു കളക്ടർ തീരുമാനിച്ചാൽ പോര. കളക്ടർമാരെ മാറ്റി അതിനുശേഷം ഇതിന് ഒരു റിവ്യൂ വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. റിവ്യൂ സെക്രട്ടറിമാർക്ക് കൊടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ഇനി ഇലക്ഷൻ കമ്മീഷൻ റിവ്യൂവിന്റെ കാര്യം. ഞങ്ങൾ അതിന് ആക്ഷേപം പറയുന്നില്ല. ഓരോ ഡിസ്ട്രിക്ടിലും ഡെപ്യൂട്ടി ഡയറക്ടർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർമാരാണ് അന്വേഷണം നടത്തുന്നത്. മലപ്പുറം ജില്ലയിലെ കാര്യം എനിക്കറിയാം. ഡെപ്യൂട്ടി ഡയറക്ടർ 3 എൻ.ജി.ഒ.മാരുടെ ബാച്ച് ഉണ്ടാക്കിയിരിക്കുകയാണ്. എന്നിട്ട് ലോക്കൽ കമ്മിറ്റിയുമായി ആലോചിച്ച് ആ കളക്ടർമാർ കൊടുത്ത പ്രൊപ്പോസൽ മാറ്റിക്കൊണ്ട് മറ്റൊരു പ്രൊപ്പോസൽ കൊടുത്തിരിക്കുകയാണ്. എന്നിട്ട് അവർ ലോക്കൽ സെക്രട്ടറിമാരെ കണ്ട് ലിസ്റ്റ്കൊടുത്ത് കളക്ടർമാരുടെ പ്രൊപ്പോസൽ വരെ മാറ്റിയിരിക്കുകയാണ്. ഇലക്ഷൻ കമ്മീഷനിൽ പറയുന്നുണ്ടല്ലോ, റിവ്യൂ ആർക്കാണ് ? ഇലക്ഷൻ കമ്മീഷന്: ഇവിടെ നടത്തുന്നത് ആരാണ്? ഇലക്ഷൻ കമ്മീഷനാണോ ? മൂന്നുനാല് ടേബിൾ ആക്കി വച്ചിരിക്കുകയാണ്. ഒന്നിൽ ഇലക്ഷൻ കമ്മീഷൻ. വേറെ ഉദ്യോഗസ്ഥരും. where is the provision for that ? ഇപ്പോൾ ഇവിടെ നടക്കുന്ന ഹിയറിംഗ് ആണ് ഞാൻ പറഞ്ഞത്. ഇലക്ഷൻ കമ്മീഷന് ഇതനുസരിച്ച് 15 ദിവസത്തിനുള്ളിൽ കൊടുത്തു. നിങ്ങൾക്ക് പ്രത്യേകിച്ച് ശ്രീ. ടി.കെ. ബാലന് ഇതിൽ ഭയപ്പാടുണ്ടാകും. ഇതിന്റെ ഉപദേശകരിൽ ഒരാൾ നിങ്ങളാണല്ലോ. എന്നിട്ട് നാല് ടേബിളിൽ ചില ടേബിളിൽ ഇരിക്കുന്നത് ആരാണ് ? ചില ടേബിളിൽ ഉദ്യോഗസ്ഥൻമാരാണ് ഇരിക്കുന്നത്. അവർ ഹിയർ ചെയ്യുന്നു. ഇന്നലെ മലപ്പുറം ജില്ലയിൽ ഹിയർ ചെയ്തത് ആരാണ് ? ഞാൻ രേഖകൾ തരാം. ഞാൻ തെളിയിക്കാൻ തയ്യാറാണ്. അവർക്ക് എവിടെ അധികാരം, ആര് നൽകി ? ഈ ഇലക്ഷൻ കമ്മീഷന് ഈ ഓർഡിനൻസിൽ അല്ലെങ്കിൽ ഈ ബില്ലിൽ അങ്ങനെ പവർ ഡെലിഗേറ്റ് ചെയ്യാനുള്ള ഒരു പ്രൊവിഷൻ കാണിച്ചു തരുമോ ? ഇന്ന് ഞാൻ പറയുന്നു ഞാൻ മെമ്പർഷിപ്പ് രാജിവയ്ക്കാമെന്ന്. ബഹുമാനപ്പെട്ട ശ്രീ. പാലോളിയോട് ഞാൻ പറയുന്നു അങ്ങ് രാജിവയ്ക്കുകയുമരുത്. ഉള്ളതിൽ കൊള്ളാവുന്ന ഒരാൾ അങ്ങാണ്. അതുകൊണ്ട് രാജി വയ്ക്കരുത്. പക്ഷേ, ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം അങ്ങയോട് പറയട്ടെ, ഇലക്ഷൻ കമ്മീഷനിൽ ഇന്നലെ നടന്ന ഹിയറിംഗ് അന്വേഷിക്കുമോ ? ഇന്നലെ എത്ര പഞ്ചായത്തിന്റെ ഹിയറിംഗ് അവിടെ നടന്നു ? നാല് ടേബിൾ. അതിൽ ഒരു ടേബിളിൽ ഇലക്ഷൻ കമ്മീഷൻ. ബാക്കി ഉദ്യോഗസ്ഥൻമാർ. എന്ത് അധികാരം ? ആര് നൽകി അധികാരം? എവിടെനിന്നും കിട്ടി അധികാരം ? ഇത് മിസ്യൂസ് ചെയ്യുന്നുവെന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവുണ്ട്. അവർ ഹിയർ ചെയ്തിട്ട് ഓർഡർ ഇടുന്നത് ഇലക്ഷൻ കമ്മീഷനാണ്. വളരെ തെറ്റായ ഒരു കാര്യമാണ്. ഇവിടെത്തന്നെ കേരള ഹൈക്കോടതിയുടെ ഒരു റൂളിംഗിൽ, ഒരു കേസ് ഒരു ജഡ്ജി കേട്ടാൽ ആ ജഡ്ജി മജിസ്ട്രേട്ട് ആണെങ്കിലും കൊള്ളാം ട്രാൻസ്ഫറായി പോയാൽ പിന്നെ രണ്ടാമത് അതിനുശേഷമുള്ളത് കേട്ടാൽ പോര ആദ്യം മുതൽ കേൾക്കണമെന്ന് ജഡ്ജ്മെന്റിലുണ്ട്. ആ സ്ഥാനത്ത്, ഈ സംസ്ഥാനത്ത് ഒരു ഇലക്ഷൻ കമ്മീഷൻ, അദ്ദേഹം കേൾക്കാതെ ഉദ്യോഗസ്ഥനെ നിർത്തി ഹിയറിംഗ് നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യാമോ ? കളക്ടർമാരെ മറികടക്കാൻവേണ്ടി ചെയ്തത് എന്താണെന്ന് അറിയുമോ ? ഡെപ്യൂട്ടി ഡയറ്ടർമാർക്ക് കൊടുത്തിരിക്കുന്നു. അതിനാണല്ലോ പാർട്ടി ഓഫീസിൽ നേരത്തെ തരാൻ പറഞ്ഞ് സർക്കുലർ അയച്ചത്. എന്നിട്ട് ആ ഡെപ്യൂട്ടി ഡയറക്ടർമാർ ഉണ്ടാക്കിക്കൊടുത്ത ആ ലിസ്റ്റ് വച്ച് ഇവിടെ ഓർഡർ ഇടാൻ പോവുകയാണ്. ഈ കമ്മീഷന് ഇതൊക്കെ കേൾക്കാൻ കഴിയുമോ ? നിഷ്പക്ഷമായ കമ്മീഷനാണെങ്കിൽ പോലും കഴിയുകയില്ല. ഞാൻ ഒരു കാര്യം പറയുന്നു. ഈ ഇലക്ഷൻ കമ്മീഷന് ഇതിൽ അധികാരമില്ലെന്നു ഞാൻ സ്ഥാപിക്കാം. ഇവിടെ ഈ ആക്ടിലെ 6-ാമത്തെ വകുപ്പിൽ ഡീലിമിറ്റേഷനിൽ കമ്മീഷന് അവകാശമില്ല. ഡീലിമിറ്റേഷൻ കമ്മീഷൻ നടത്തുന്നത് നിയമവിരുദ്ധമാണ്. ഇവിടെ ആക്ടിലെ സെക്ഷൻ 6 അനുസരിച്ച് ഇപ്പോൾ ഇവിടെ യാതൊന്നും ചെയ്യാൻ കഴിയില്ല. കാരണം സെക്ഷൻ 6(2)ൽ സർക്കാരിന് ഓരോ കാനേഷുമാരി അനുസരിച്ച് കണക്കുകൾ പ്രസിദ്ധപ്പെടുത്തിയശേഷം മൂന്നാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിന് വിധേയമായി 1-ാം വകുപ്പു പ്രകാരം വിജ്ഞാപനം ചെയ്ത ഒരു പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്താം. അതിന് വിധേയമായിട്ടാണ് ഈ പറയുന്ന ഡീലിമിറ്റേഷൻ 10-ാം വകുപ്പനുസരിച്ച് വരുന്നത്. അതിന് ഏതാണ് മാനദണ്ഡം എടുക്കേണ്ടത് ? ലേറ്റസ്റ്റ് സെൻസസ്. ഇവിടെ ഏതാണ് ലേറ്റസ്റ്റ് സെൻസസ് ? 1991-ലെ സെൻസസ് അനുസരിച്ച് ഇവിടെ ഡിലീമിറ്റേഷൻ 1994-ൽ നടന്നു. 1995-ൽ ഇലക്ഷൻ നടന്നു. ഈ സെൻസസിന്റെയടിസ്ഥാനത്തിൽ 1994-ൽ ഡീലിമിറ്റേഷൻ നടന്നു. ഞാൻ ഒരു കാര്യം കൂടി ആവർത്തിക്കുന്നു. ഡീലിമിറ്റ് ചെയ്യാൻ എന്ത് അധികാരം ? ദി ഡീലിമിറ്റേഷൻ ആക്ട് 1972-ൽ Constitution of the Delimitation commssion. അതുകഴിഞ്ഞിട്ട് 4 ഞാൻ വായിക്കാം. It shall be the duty of the commission to readjust on the basis of the latest census figures, the allocation of seats in the House of people. പാർലമെന്റിൽ ആണെങ്കിലും നിയമസഭയിൽ ആണെങ്കിലും ഈ പറയുന്ന ഡീലിമറ്റേഷൻ ആക്ടനുസരിച്ച് അതിന്റെ ബേസിസ് സെൻസസാണ്. അതു വച്ചുകൊണ്ടു തന്നെയാണ്, ഈ സംസ്ഥാനത്തെ ആറാം വകുപ്പിൽ ഇവിടത്തെ ലേറ്റസ്റ്റ് സെൻസസ് അനുസരിച്ചുകൊണ്ട് ചെയ്തല്ലോ, ലേറ്റസ്റ്റ് സെൻസസ് 1991 ആണ്. ഇപ്പോൾ ചെയ്തിരിക്കുന്നത് എന്താണ്? ഇലക്ഷൻ കമ്മീഷൻ നിയമവിരുദ്ധമായി ഒരു ഓർഡർ കൊടുത്തു.

ശ്രീ. സി. പി. ബാലൻവൈദ്യർ : സർ, ബഹുമാനപ്പെട്ട സീനിയർ മെമ്പറും മുൻമന്ത്രിയുമായ ആര്യാടന്റെ പ്രസംഗത്തിൽ വളരെ നിഷ്പക്ഷമായി പെരുമാറുന്ന, അങ്ങനെ വിധിക്കപ്പെട്ട ആ ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ച് അപകീർത്തികരമായ ഒരുപാട് പരാമർശങ്ങൾ ഈ സഭയിൽ നടത്തി. നാല് കൊല്ലങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് ആര്യാടൻ മന്ത്രിയായിരുന്നപ്പോൾ തികച്ചും പക്ഷപാതപരമായി വാർഡ് വിഭജനം നടത്തി ഉദ്യോഗസ്ഥൻമാരെക്കൊണ്ട് തന്നിഷ്ടപ്രകാരം ഭരണം നടത്തിച്ച് നേതൃത്വം കൊടുത്ത ആര്യാടൻ, നിഷ്പക്ഷമായി വാർഡ് വിഭജനം ഉൾപ്പെടെ നടത്തിച്ച് ഇലക്ഷൻ കമ്മീഷന്റെ കൈയിൽ കൊടുത്ത ഇതിനെ സംബന്ധിച്ച് അപകീർത്തികരമായി ഈ സഭയിൽ നടത്തിയിട്ടുള്ള പ്രസംഗം ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ച് വന്ന എല്ലാ ഭാഗവും രേഖയിൽ നിന്ന് നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. ബാലൻ വൈദ്യർക്ക് എം.എസ്. ജോസഫിനോട് ഇത്രക്കു വിരോധമുണ്ടെന്ന് ഞാൻ മനസ്സിലാക്കിയില്ല. ഞാൻ എം.എസ് ജോസഫിനെയാതൊന്നും ക്രിട്ടിസൈസ് ചെയ്തില്ല. ഞാൻ പറഞ്ഞത് സെക്ഷൻ (6) അനുസരിച്ച് ഡീലിമിറ്റേഷൻ നടത്തേണ്ടതും ഗവൺമെന്റാണ്. ഏത് നിയോജകമണ്ഡലം എന്ന് തീരുമാനിക്കേണ്ടതും. അത് ലാസ്റ്റ് കാനേഷുമാരിയാണ്. അത് ജോസഫല്ല. ലാസ്റ്റ് കാനേഷുമാരിയാണ്. ഗവൺമെന്റാണ്. ഇത്ര സീറ്റ്, ഇത്ര വാർഡ്, ഇത്ര നിയോജകമണ്ഡലം എന്നാണ് പറയുന്നത്. എത്ര നിയോജകമണ്ഡലമാണ് ഒരു പഞ്ചായത്തിൽ എന്ന് തീരുമാനിക്കുന്നത് സർക്കാരാണ്. സർക്കാർ അബദ്ധം ചെയ്തു എന്ന് എം.എസ്. ജോസഫിന്റെ ചുമലിലിട്ടാൽ, ഞാൻ എം.എസ്. ജോസഫിനെ കുറിച്ച് അപവാദം പറഞ്ഞു എന്ന് ശ്രീ. വൈദ്യർ പറഞ്ഞാൽ, എങ്ങനെ വിലപ്പോകും ? ഗവൺമെന്റാണ് ; രണ്ടാമത്തേതാണ് എം.എസ്. ജോസഫ്. ഈ പറയുന്ന ഡീലിമിറ്റേഷനെക്കുറിച്ച് എനിക്ക് മറുപടി പറയുന്ന മന്ത്രി പറയട്ടെ. ഈ ആക്ടിലെ 6-ാം വകുപ്പ് കാനേഷുമാരി അനുസരിച്ച് വേണം ലേറ്റസ്റ്റ്. അത് ക്ലിയറാണ്. അതിന് വിരുദ്ധമായി ചെയ്യാമോ ? ഡീലിമിറ്റേഷൻ ആക്ട് 1972 അതും ലേറ്റസ്റ്റ് കാനേഷുമാരിയാണ്. ഇവിടെ ഇലക്ഷൻ കമ്മീഷൻ ചെയ്തതെന്താണെന്നറിയാമോ, ലേറ്റസ്റ്റ് കാനേഷുമാരി എടുക്കാതെ പറഞ്ഞ് ഒരു ഡയറക്ഷൻ കൊടുത്തു, സർക്കുലർ. എന്താണെന്നറിയാമോ ? 1999-ലെ സെൻസസ് പോപ്പുലേഷൻ, അന്നത്തെ താമസിക്കുന്ന വീട്-ആ താമസിക്കുന്ന വീടുകളെക്കൊണ്ട് പോപ്പുലേഷനെ ഡിവൈഡ് ചെയ്യുക അപ്പോൾ കിട്ടുന്നതാണ് ആവറേജ് ഒരു വീട്ടിലെ പോപ്പുലേഷൻ. എന്നിട്ട് 30-6-1999-ലെ വീടുകളുടെ എണ്ണം പഞ്ചായത്ത് ഓഫീസിൽ നിന്ന് എടുത്ത് ഇതുകൊണ്ട് ഗുണിച്ചുകിട്ടുന്നതാണ് ആ പഞ്ചായത്തിലെ പോപ്പുലേഷൻ എന്ന് കണക്കാക്കി അതിനെ ഡിവൈഡ് ചെയ്തിട്ട് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചത് 15 വാർഡാണെങ്കിൽ ആ പോപ്പുലേഷനെ 15 കൊണ്ട് ഡിവൈഡ് ചെയ്തിട്ട് ഒരു വാർഡ് കണക്കാക്കി. എവിടെനിന്നാണ് ഇലക്ഷൻ കമ്മീഷന് ഈ അധികാരം കിട്ടിയത് ? ഈ ആക്ടിൽ പറഞ്ഞത് ലേറ്റസ്റ്റ് കാനേഷുമാരിയാണ്. ലേറ്റസ്റ്റ് സെൻസസ്. ഇങ്ങനെ ഒരു നോംസ് ഉണ്ടാക്കാൻ ഈ ഇലക്ഷൻ കമ്മീഷന് ആര് അധികാരം നൽകി ? ഈ ആക്ടിൽ ഏതാണ് വ്യവസ്ഥ ഈ ആക്ടിലെ ഏത് വ്യവസ്ഥ വച്ചുകൊണ്ടാണ് ഇലക്ഷൻ കമ്മീഷൻ ചെയ്തത് ? ഇലക്ഷൻ കമ്മീഷന് ഇങ്ങനെ ഒരു തീരുമാനം എടുക്കാനുള്ള അധികാരം ആര് നൽകി ; ഈ ആക്ടിൽ എവിടെ പ്രൊവിഷൻ ? ഇലക്ഷൻ കമ്മീഷന്റെ അധികാരം ഈ ആക്ടിലാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ ഡീലിമിറ്റേഷൻ ശരിയല്ല, ഡീലിമിറ്റേഷൻ നടത്താൻ അധികാരമില്ല. സെക്ഷൻ (6)ന്റെ വയലേഷനാണ് എന്നു മാത്രമല്ല ഇന്ത്യാ രാജ്യത്തുള്ള ഡീലിമിറ്റേഷൻ ആക്ടിന്റെ സ്പിരിറ്റിന് എതിരായിട്ടുള്ളതാണ്. അതേയവസരത്തിൽ ഇവിടെ ജനസംഖ്യ വർദ്ധിച്ചിരിക്കുന്നു. ഞങ്ങൾ ഒരു കാര്യമേ പറഞ്ഞുള്ളൂ: അധികാരമില്ലാത്തത് ഇവിടെ ഇലക്ഷൻ കമ്മീഷൻ ചെയ്യുന്നു. ഈ പറഞ്ഞസാഹചര്യത്തിൽ സെക്ഷൻ (6) അനുസരിച്ച് ഡീലിമിറ്റേഷൻ നടത്താനുള്ള അധികാരമില്ല. ആ അധികാരമില്ലാത്ത ഇലക്ഷൻ കമ്മീഷൻ അത് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുള്ളൊരു കാര്യമുണ്ട്: ഇവിടെ എന്യൂമറേഷൻ നടത്തുകയാണത്. ഈ രാജ്യത്ത് കുറേ ചെറുപ്പക്കാരുണ്ട്, അവരെ വോട്ടർമാരാക്കി മാറ്റണം എന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അതിനൊരു സമരത്തിന് ചെന്നപ്പോഴേക്ക് ഈ സർക്കാരിന്റെ ഒരു ബഹളം! ജേക്കബിനെ ഇടിച്ചുതകർത്ത് എന്തൊക്കെയാണ് ചെയ്തത്! 18 വയസ്സായ ചെറുപ്പക്കാർക്ക് വോട്ടവകാശം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുമ്പോൾ ഇവർക്കെന്താ ഇത്ര ഭയം ? 18 വയസ്സായ ചെറുപ്പക്കാർക്ക് വോട്ടവകാശം നൽകാനുള്ള നിയമം ഉണ്ടാക്കിയത് ഞങ്ങളാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വോട്ടർമാരാകേണ്ട ലക്ഷക്കണക്കിനാളുകൾ വോട്ടർമാരല്ല. അതിന് എന്യൂമറേഷൻ നടത്തണം. അതിന് അധികാരമുള്ള ഇലക്ഷൻ കമ്മീഷൻ അത് നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ഇവിടെ സെൻസസിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഈ പറഞ്ഞ ആക്ടിന്റെ പ്രൊവിഷനെതിരായിട്ട്, ഡീലിമിറ്റേഷൻ നടത്തുന്ന കമ്മീഷൻ, അതിനധികാരം ഇല്ലെങ്കിൽ, ഇതാണ് ചെയ്യേണ്ടത്.

എനിക്ക് രണ്ടാമതായി പറയാനുള്ളത്, അനധികൃത കെട്ടിടനിർമ്മാണം ക്രമവൽകരിക്കുന്നതു സംബന്ധിച്ചാണ്; അവസാനത്തെ ആ 235 (എ)യും (ബി)യും ഭേദഗതി ചെയ്തതിനെപ്പറ്റി 1998 ഡിസംബർ 31-ാം തീയതിവരെ അൺആതറൈസ്ഡായിട്ടുള്ള കൺസ്ട്രക്ഷൻസ് ആരെങ്കിലും നടത്തി ഭൂമി വികസനം നടത്തിയിട്ടുണ്ടെങ്കിൽ, 1998 ഡിസംബറിനു മുമ്പാണെങ്കിൽ, അത് റഗുലറൈസ് ചെയ്യാൻ കഴിഞ്ഞ നിയമത്തിൽ പ്രൊവിഷൻ ഉണ്ടായിരുന്നു. അതിനുശേഷം മാർക്സിസ്റ്റ് പാർട്ടിക്കാർ പല സ്ഥലത്തും പല ആളുകളെക്കൊണ്ടും ചെയ്യിച്ചു. ഇവർ ഭരിക്കുന്ന പല പഞ്ചായത്തിലും ഇവർ ചെയ്യിച്ചു. ഇതിനുശേഷം ചെയ്യിച്ചു. രഹസ്യ തീരുമാനം. ചെയ്യിച്ചിട്ട് രഹസ്യമായിട്ട് സർക്കുലർ കൊടുത്തു. ഇതിന്റെ കോപ്പി ഞങ്ങൾക്ക് കിട്ടിയില്ല, കിട്ടും. ഏത് പാർട്ടിയാണെന്നൊക്കെ മനസ്സിലാകും, കേൾക്കുമ്പോൾ കുറച്ച് പ്രയാസമൊക്കെ തോന്നും, ചെയ്യുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അതിനുശേഷം ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത് എന്താണെന്നറിയാമോ, കഴിഞ്ഞ നിയമത്തിൽ 1998 ഡിസംബർ 31 വരെയുള്ള റെഗുലറൈസ് ചെയ്യാൻ ചില കണ്ടീഷന് വിധേയമായിക്കൊണ്ടുള്ള പ്രൊവിഷൻ ആയിരുന്നു. ഇപ്പോൾ കൊണ്ടുവന്നത് എന്താ ? 1998 ഒക്ടോബർ 15 വരെ. അത് ആരാ കൺസ്ട്രക്ട് ചെയ്തത് ? നിങ്ങളുടെ ആളുകൾ. അത് ശ്രീ. പാലൊളിക്ക് അറിയില്ല, രഹസ്യമാണ്. സർക്കുലർ കൊടുത്തു. എതിർക്കാതിരിക്കാൻ പറ്റുമോ ? ഇതിനെ എങ്ങനെ എതിർക്കാതിരിക്കും ? ഇതിന്റെ അർത്ഥമെന്താ ? ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നു റഗുലറൈസ് ചെയ്യാൻ 1998 ഡിസംബർ ആയിരുന്നു ആദ്യം. പിന്നെ 1999 ഒക്ടോബർ 15 വരെ അനുവദിച്ചു. ഇതിന്റെ ഒരു അപകടം അറിയാമോ നിങ്ങൾക്ക് ? നാളെയും ആളുകൾ ചെയ്യും ഇതൊരു പ്രീസിഡന്റാ. ഇനിയും ഭേദഗതി കൊണ്ടുവരും. ഇത് നിൽക്കില്ല. ഒരു കാലത്തും നിൽക്കില്ല. തൽക്കാലം നിങ്ങളുടെ പാർട്ടിയിലെ ആളുകളെ രക്ഷപ്പെടുത്താൻ കഴിഞ്ഞു. പക്ഷേ, ഇതൊരു ഫ്ളഡ് ഗേറ്റ് ആയിരിക്കും. ഒരു സംശയവും നിങ്ങൾക്കു വേണ്ട. ഇത് ഒരിക്കലും നല്ല പ്രവണത യല്ല. മന്ത്രി കൊണ്ടുവന്ന പലതിനോടും ഞങ്ങൾക്ക് യോജിപ്പാ. പക്ഷേ, ഇതു പോലുള്ള ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു എന്നുമാത്രമേയുള്ളൂ. എനിക്ക് പറയാനുള്ളത്, ഈ പറയുന്ന അവസാനം വരുന്ന വ്യവസ്ഥ ഒഴിവാക്കണം. ഇത് ഈ സംസ്ഥാനത്തെ തകർക്കുന്ന വ്യവസ്ഥയാണ്. ഇതൊരു പ്രീസിഡന്റായിട്ട് മാറും. ഇത് നാളെയും ആവർത്തിക്കും. ഈ സംസ്ഥാനത്തിന് ഏറ്റവും അപകടം ഉണ്ടാക്കും. അത് പിൻവലിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ് : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 10, 141, 157 220, 235, ഈ വകുപ്പുകളുടെ ഭേദഗതിയാണ് ഇപ്പോൾ ഈ നിയമത്തിലൂടെ കൊണ്ടുവന്നിട്ടുള്ളത്. സർ, ഈ ഭേദഗതികൾ പരിശോധിക്കുമ്പോൾ പ്രധാനമായി പഞ്ചായത്ത് രാജ് നിയമത്തിലെ പ്രസക്തമായ രണ്ടു ഭാഗങ്ങൾ 1. പഞ്ചായത്ത് ഇലക്ഷൻ, ഇലക്ഷൻ കമ്മീഷന്റെ അധികാരങ്ങൾ, മറ്റൊന്ന് പഞ്ചായത്ത് രാജ് നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ. അതിൽ പഞ്ചായത്ത് ഇലക്ഷൻ കമ്മീഷന്റെ അധികാരങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ, അതിലൊന്നും എനിക്ക് അഭിപ്രായവ്യത്യാസമില്ലെങ്കിലും, സമീപ കാലഘട്ടത്തിൽ ഉണ്ടായ ചില സംഭവവികാസങ്ങൾ നിഷ്പക്ഷമായും നീതിപൂർവമായും നമ്മുടെ സംസ്ഥാനത്ത് ഇലക്ഷൻ അടുത്തുവന്നിരിക്കുന്ന ഒരു സന്ദർഭത്തിൽ അതിനെ സംബന്ധിച്ചിടത്തോളം വലിയ ഒരു ഉൽക്കണ്ഠ ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ ഇലക്ഷനെ സംബന്ധിച്ച കാര്യങ്ങളെ സംബന്ധിച്ച് ഇവിടുത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെയും ജനങ്ങളുടെയും നിർദ്ദേശങ്ങളോ ഉപദേശങ്ങളോ അഭിപ്രായങ്ങളോ മാനിക്കുന്ന കാര്യത്തിൽ ഒരു മര്യാദയും കാണിക്കുന്നില്ല. എന്നുമാത്രമല്ല വളരെ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത് അതിനെപ്പറ്റി ശ്രീ. ജോയിയും മറ്റും സൂചിപ്പിച്ചത് ഞാൻ ആവർത്തിക്കുന്നില്ല. അത് ഒരു ഗുരുതരമായ പ്രശ്നമാണ്. കാരണം ആ സ്ഥാനത്തിരിക്കുന്ന ആൾ ഏതൊരു നല്ല നിർദ്ദേശവും അംഗീകരിക്കാൻ നിഷ്പക്ഷവും നീതിപൂർവവുമായി കാര്യങ്ങൾ നടത്തുന്നുവെന്ന് ഉറപ്പു വരുത്താൻ ബാദ്ധ്യസ്ഥനായിട്ടുള്ള വ്യക്തിയാണ്. പക്ഷേ, അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് അത് ഉണ്ടാകുന്നില്ല എന്നുള്ള സ്ഥിതിവിശേഷമാണ് ഇപ്പോൾ അത് സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. അത് ഞാൻ വിടുകയാണ്. ഇപ്പോൾ ഈ 157-ാം വകുപ്പിന്റെ ഭേദഗതിയായി അവിശ്വാസ പ്രമേയത്തെ സംബന്ധിച്ച് മൂലനിയമത്തിൽ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് കഴിഞ്ഞ 1999-ലെ ഭേദഗതിയിൽ അതുമാറ്റി വൈസ്പ്രസിഡന്റിന് എതിരായിട്ടാണെങ്കിൽ പ്രസിഡന്റ്, പ്രസിഡന്റിന് എതിരായിട്ടാണെങ്കിൽ വൈസ്പ്രസിഡന്റ് അങ്ങനെ ഒരു പുതിയ നിർദ്ദേശം വന്നു. ഇപ്പോൾ വീണ്ടും മാറ്റി പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരുന്ന ഒരു പുതിയ നിർദ്ദേശം ആണ് ഇപ്പോൾ വന്നിട്ടുള്ളത്. നമ്മുടെ മൂലനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം നമ്മുടെ ഓരോ പഞ്ചായത്തിലും ഉണ്ടാകുന്ന അവിശ്വാസപ്രമേയം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് എന്തായിരുന്നു തടസ്സം എന്നതിനെ സംബന്ധിച്ച് ഞങ്ങൾ ഉന്നയിച്ച സംശയത്തിൽ അന്നും മറുപടി പറഞ്ഞിട്ടില്ല. ഇപ്പോൾ എന്തു സംഭവിച്ചു എന്നതിനെ സംബന്ധിച്ചും ഞങ്ങൾക്ക് വ്യക്തമാകുന്നില്ല. നിയമം ഉണ്ടായതുകൊണ്ട് കാര്യമില്ല. ആ നിയമം നടപ്പിലാക്കുന്നതിന് വന്നിട്ടുള്ള വീഴ്ചകൾക്ക് ഭേദഗതി കൊണ്ടുവന്നിട്ടും കാര്യമില്ല. ഇവിടെ ഉണ്ടായിട്ടുള്ളത് നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ നിയമം ഉണ്ടായതിനുശേഷം ഉണ്ടായിട്ടുള്ള ഒരു ഗുരുതരമായ വീഴ്ചയാണ്. ഈ സംസ്ഥാനത്ത് അവിശ്വാസപ്രമേയത്തെക്കുറിച്ച് പറയുമ്പോൾ കാസർഗോഡ് ജില്ലതൊട്ട് തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലും അവിശ്വാസപ്രമേയം വന്നപ്പോൾ അതിന് നിയോഗിച്ച സർക്കാർ ഉദ്യോഗസ്ഥൻ സ്വീകരിച്ച ജനാധിപത്യ വിരുദ്ധപ്രവർത്തനങ്ങൾ- അതാണ് ഏറ്റവും വലിയ തകരാറ്. ഈ രംഗത്ത് ഉണ്ടായത്. എന്റെ ജില്ലയായ എറണാകുളത്ത്

LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ താലൂക്കിലെ ആവോലി പഞ്ചായത്ത് കവളങ്ങാട് പഞ്ചായത്ത് അതുപോലെ തന്നെ ആലുവാ താലൂക്കിലെ ശ്രീ. ജോയിയുടെ നിയോജകമണ്ഡലത്തിലെ തുറവൂർ പഞ്ചായത്ത്. ഈ മൂന്നു പഞ്ചായത്തുകളിലും അവിശ്വാസപ്രമേയം വന്നപ്പോൾ അതിന് ചർച്ചയ്ക്ക് നിയോഗിച്ച ഉദ്യോഗസ്ഥൻ സ്വീകരിച്ച ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും ശക്തമായ ആക്ഷേപം ഉണ്ടായിട്ട് ഒരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അവസാനം ആ ഉദ്യോഗസ്ഥനെവരെ രക്ഷിക്കുന്നതിനു വേണ്ടി ഒരു പുതിയ നിയമഭേദഗതി തന്നെ നമ്മുടെ സംസ്ഥാനത്ത് വന്നു. അങ്ങനെ കൊണ്ടുവന്ന ആ നിയമഭേദഗതി മാറ്റി ഇപ്പോൾ പഴയ സ്ഥിതി പുനഃസ്ഥാപിക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ വന്നപ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ അതിനകത്ത് ആര് വീഴ്ച വരുത്തിയാലും (എറണാകുളത്തെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീമാൻ ബേബി ഭാസ്കരൻ– അദ്ദേഹം അവിശ്വാസപ്രമേയ ചർച്ചയെ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തെറ്റായ നടപടികളിൽ ഒന്നല്ല പല നടപടി കൾ; ആ നടപടികൾക്കെതിരായി ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല എന്നു പറഞ്ഞാൽ) അത്തരം നടപടികൾക്ക് സർക്കാർ കൂട്ടുനിൽക്കുന്നു എന്നുള്ളതാണ് അർത്ഥമാക്കുന്നത്.

ശ്രീ. കെ. ബാബു : ബഹു മാനപ്പെട്ട പൗലോസ് സൂചിപ്പിച്ച ഡെപ്യൂട്ടി ഡയറക്ടറല്ലേ, ആവോലി പഞ്ചായത്തിലെ അവിശ്വാസപ്രമേയം ചർച്ചയ്ക്കു വന്നപ്പോൾ തട്ടിക്കൊണ്ടു പോയി എന്നുപറഞ്ഞത്. സ്വയം തട്ടിക്കൊണ്ടുപോയ ആൾ ? ആ ആളല്ലേ ?

ശ്രീ. വി. ജെ. പൗലോസ് : അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി എന്ന് അദ്ദേഹം അവിശ്വാസപ്രമേയ ചർച്ചയ്ക്കുശേഷം പോലീസ് സ്റ്റേഷനിൽ പോയി മൊഴികൊടുത്തു. ഒരു ഡെപ്യൂട്ടി ഡയറക്ടറെ തട്ടിക്കൊണ്ടുപോയിട്ട് ഒരു നടപടി സ്വീകരിച്ചില്ല എന്നു പറഞ്ഞാൽ ആ തട്ടിക്കൊണ്ടു പോയതിന്റെ പിന്നിൽ സർക്കാരിന്റെ മൗനസമ്മതം ആയിരുന്നു എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. ഞാൻ പറഞ്ഞത് ഈ നിയമത്തിന് ഒരു കുഴപ്പവുമില്ല. നിയമം നടപ്പിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും വന്നുചേരുന്ന വീഴ്ചകൾ അവസാനിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യം കാണിച്ചാൽ മാത്രമേ ഏത് ഭേദഗതി വന്നാലും ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

ഞാൻ മറ്റൊരു കാര്യം പറയാം നമ്മുടെ പഞ്ചായത്ത് രാജ് നിയമമെന്നു പറയുന്നത് എത്രവർഷമായി ആളുകൾ ആഗ്രഹിക്കുന്നതാണ്. വളരെ സുതാര്യമായി കാര്യങ്ങൾ നടക്കുക. തിരുവനന്തപുരത്തു നടക്കേണ്ട കാര്യങ്ങൾ നാട്ടിൽ നടക്കുക, അങ്ങനെ വളരെ നല്ല രീതിയിൽ കാര്യങ്ങൾ പോകണം എന്ന് ഉദ്ദേശിച്ചുകൊണ്ട് ഉണ്ടാക്കിയ നിയമം. ആ അധികാരങ്ങൾ നൽകിയ നിയമം വച്ചുകൊണ്ട് നടത്തിയ ഇലക്ഷൻ. അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഭീമമായ ഫണ്ട് സർക്കാരിൽനിന്ന് കൊടുത്തുകൊണ്ടിരിക്കുമ്പോൾ അത് വിനിയോഗിക്കുന്നതിനും അത് നിർവഹിക്കുന്നതിനുമൊക്കെ എന്തെങ്കിലും പാകപ്പിഴ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിച്ച് വ്യക്തമായും ശക്തമായും നടപടി സ്വീകരിക്കുന്ന കാര്യത്തിൽ താൽപ്പര്യം കാണിക്കേണ്ട സർക്കാർ എത്ര നിസ്സാരമായിട്ടാണ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നത്. സഭയുടെ ബോദ്ധ്യത്തിനുവേണ്ടി ഒരു ചെറിയ കാര്യം ഞാൻ പറയുകയാണ്. എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ കീരംപാറ പഞ്ചായത്തിൽ അവിടത്തെ ഒരു വനിതാ പഞ്ചായത്ത് മെമ്പർ ആയിട്ടുള്ള ശ്രീമതി മേഴ്സി വർക്കി. ഒറ്റയാൾ പട്ടാളമെന്നാണ് അവരെ നാട്ടുകാർ വിളിക്കുന്നത്. അവർ ഒറ്റയ്ക്ക് ആ പഞ്ചായത്ത് കമ്മിറ്റിക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരായി ഉണ്ടായിട്ടുള്ള എല്ലാ അഴിമതികളും അക്കമിട്ട് ആരോപണമുന്നയിച്ചു. അതിനെ സംബന്ധിച്ച് സർക്കാർ അന്വേഷിക്കാതെ വന്നപ്പോൾ അവസാനം ഹൈക്കോടതിയെ സമീപിച്ച് ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരുന്ന അന്വേഷണം അവസാനഘട്ടത്തിൽ എത്തി. വിധി പറയേണ്ട സന്ദർഭം എത്തിയപ്പോൾ ഇപ്പോൾ ഈ ബിൽ കുറ്റമറ്റതാക്കാനുള്ള നിയമനിർമ്മാണവുമായി ഈ സഭയിൽ വന്നിട്ടുള്ള നമ്മുടെ ബഹുമാന്യനായ മന്ത്രി ആ ഉദ്യോഗസ്ഥനെ അന്വേഷണത്തിൽ നിന്നുള്ള ചുമതലയിൽനിന്ന് വിടുവിച്ചു. കീരംപാറ പഞ്ചായത്തിന്റെ മിനിട്ട്സ് ബുക്കിൽ വെട്ടലുകളും തിരുത്തലുകളും നടത്തി കൃത്രിമം കാട്ടുകയും അജണ്ടയിലെ വിഷയങ്ങളിൽ ഇല്ലാതിരുന്ന തീരുമാനങ്ങൾ കളവായി രേഖപ്പെടുത്തുകയും ഒരു മിനിട്ട് ബുക്ക് മാറ്റിയെഴുതുകയും ചെയ്തത്. റോഡുകളുടെ ടാറിംഗ് നടത്താതെ ടാറിംഗ് നടത്തിയതായി കാണിച്ച് തുക എഴുതി എടുത്തത്, സമ്പന്നരായ അഞ്ച് പഞ്ചായത്ത് അംഗങ്ങൾ അവർ സന്നിഹിതരായ യോഗത്തിലെ തീരുമാനപ്രകാരം പാവങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൈപ്പറ്റിയത്, പഞ്ചായത്ത് പ്രസിഡന്റ് കടയിൽനിന്ന് കളവായി വൗച്ചറുകൾ വാങ്ങി ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടത്തി, പഞ്ചായത്ത് തീരുമാനമില്ലാതെ 1200 രൂപയിൽ താഴെ വിലയുള്ള 40 പശുക്കളെ വാങ്ങി മൂവായിരം രൂപ വില വച്ച് ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ ചെലവെഴുതിയത്. അങ്ങനെ പതിനൊന്ന് പ്രോജക്ടുകൾ മിനിട്ട്സ് ബുക്കിന്റെ മാർജിൻ കോളത്തിൽ മാറ്റിയെഴുതി കൃത്രിമം കാട്ടി. ഗ്രാമസഭയുടെ തീരുമാനമില്ലാതെയും ഗുണഭോക്തൃലിസ്റ്റിൽ പേര് ഇല്ലാതെയും 56 പേർക്ക് വീടു നൽകി, ഹൈക്കോടതിയിൽ സർക്കാരും പഞ്ചായത്ത് ഡയറക്ടറും കളക്ടറും ഉത്തരം നൽകിയിട്ടുണ്ട്. മിനിട്ട്സിന്റെയും സുതാര്യരേഖകളുടെയും പകർപ്പുകൾ പഞ്ചായത്ത് അംഗങ്ങൾക്ക് നൽകാത്തത് അങ്ങനെ നിരവധിയായ ആരോപണങ്ങൾ. ആരോപണങ്ങൾ രേഖാമൂലം ഉന്നയിച്ചിട്ട് നടപടിയുണ്ടാകാതെ ഹൈക്കോടതിയെ സമീപിച്ച് ഹൈക്കോടതി അന്വേഷിക്കാൻ ഉത്തരവ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണച്ചുമതല നിർവഹിച്ച ജെയിംസ് വർഗ്ഗീസ് എന്ന അഡീഷണൽ സെക്രട്ടറിയെ മിനിഞ്ഞാന്ന് മാറ്റി.

സർ, കാരണം മെനിഞ്ഞാന്ന് അദ്ദേഹത്തിന്റെ എൻക്വയറി തീർന്നു. അദ്ദേഹത്തിന് എഴുതിയാൽ മതി. ഇനി അദ്ദേഹത്തെ മാറ്റിയിട്ടു വേറെ ഒരാളെ അതിന്റെ ചുമതല ഏല്പിക്കുക എന്നുപറഞ്ഞാൽ, ഈ പഞ്ചായത്തു ഭരണ സമിതിയുടെ കാലാവധി ആറു മാസമേയുള്ളു. വീണ്ടും ഒരു അന്വേഷണത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ മുൻപോട്ടു പോയി അന്വേഷണം പൂർത്തിയാകാതെ വരുന്ന ഒരു സന്ദർഭത്തിൽ വന്നു ചേരുന്ന ഇലക്ഷൻ-ആ ഇലക്ഷനിലൂടെ അഴിമതിയും സ്വജന പക്ഷപാതവും കൃത്രിമ രേഖ കെട്ടിച്ചമക്കലും ഉൾപ്പെടെ ചെയ്യാവുന്ന എല്ലാ കുറ്റകൃത്യങ്ങളും ചെയ്ത പഞ്ചായത്തുഭരണ സമിതിയിലെ ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു മന്ത്രി എത്ര പദ്ധതി ഉണ്ടാക്കിയാലും എത്ര കുളത്തിൽ കുളിച്ചാലും അഴുക്കുപോകുമോ ? അങ്ങനെയുള്ള നടപടിക്ക് മന്ത്രി നേതൃത്വം കൊടുക്കുന്നതാണ് ഇപ്പോൾ പ്രശ്നം. നിയമത്തിന്റെ കുഴപ്പമല്ല. നമ്മൾ പാസ്സാക്കിയ മൂലനിയമത്തിൽ പറയുന്ന ചില കാര്യങ്ങൾ സൗകര്യപൂർവം വളച്ചൊടിച്ച് വ്യാഖ്യാനിച്ച് സ്വന്തം താല്പര്യങ്ങൾക്കായി അല്ലെങ്കിൽ രാഷ്ട്രീയ താല്പര്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്ന സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് ഇതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട സംഗതി. അതിനു മാറ്റമുണ്ടാകണം. അതിന് മാറ്റമുണ്ടാകാത്തിടത്തോളം കാലം നിങ്ങൾ എത്ര നിയമഭേദഗതി കൊണ്ടുവന്നു പാസ്സാക്കിയാലും അത് എത്ര കുറ്റമറ്റതാക്കാൻ നിങ്ങൾ ശ്രമിച്ചാലും യാതൊരു പ്രയോജനവുമുണ്ടാവുകയില്ലെന്നുള്ളതു ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

235 എ,ബി : 1999 ഡിസംബർ 31 വരെ കെട്ടിട നിർമ്മാണത്തിന് ഉണ്ടായിരുന്ന സമയ ദൈർഘ്യം ഇപ്പോൾ നിയമത്തിലൂടെ ഒക്ടോബർ 15 വരെ നമ്മുടെ സഭയിൽ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് കൂറുമാറ്റ നിരോധന നിയമം കൊണ്ടുവന്നപ്പോൾ, അതിന് പൂർവകാല പ്രാബല്യം. എന്തായോ മാസങ്ങൾക്കു മുൻപ് പയ്യാവൂർ സംഭവം ഉടലെടുത്ത കാലഘട്ടത്തെ കണ്ടുകൊണ്ട് പൂർവ്വകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കാൻ നിർബന്ധിച്ച പഞ്ചായത്തു വകുപ്പുമന്ത്രി, ആദ്യം 1998 ഡിസംബർ 31 വരെ ഉണ്ടായിരുന്നത് ഇപ്പോൾ 1999 ഒക്ടോബർ 15 വരെയാക്കി അതുവരെയുള്ള കാലയളവിൽ നടന്നിട്ടുള്ള എല്ലാ നിർമ്മിതികളും ചമയങ്ങളും കൂട്ടിച്ചേർക്കലുകളും അംഗീകരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുക എന്നു പറഞ്ഞാൽ ആരെയോ സഹായിക്കുന്നതിനുവേണ്ടി, ഇതുവരെ ആരൊക്കെയോ നിർമ്മിച്ചിട്ടുള്ളത് സാധൂകരിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം എന്നുള്ള രീതിയിലാണ് ഇതു കൊണ്ടുവന്നത് എന്നാണ് ഇതിനെ കാണാൻ കഴിയുന്നത്. ദയവായി ഇത്തരത്തിലുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും മാറ്റി പഞ്ചായത്ത് രാജ് നിലവിലുള്ള നിയമത്തിൽ വെള്ളം ചേർക്കുന്നതായ സർക്കാരിന്റെ നടപടികൾ അവസാനിപ്പിക്കണം. ഉയർന്നു വന്നിട്ടുള്ള അഴിമതിക്ക് എതിരായി സുതാര്യമായിരിക്കും എന്നുപറയുന്നത്-ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ചും കീരംപാറ പഞ്ചായത്തിൽ നിന്ന് ഉയർന്നു വന്ന ആരോപണങ്ങളെ സംബന്ധിച്ച്, അന്വേഷിച്ച് ഒരു തീരുമാനമെടുക്കേണ്ട ഘട്ടത്തിൽ വന്നു ചേർന്നിരിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതിൽനിന്ന് അദ്ദേഹം പിൻമാറി അതു നിഷ്പക്ഷവും നീതിപൂർവ്വവുമാക്കുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഈ ബില്ലിൽ പ്രധാനമായും നാലു കാര്യങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്: ഒന്ന് കെട്ടിട നിർമ്മാണ കാര്യത്തെ സംബന്ധിച്ചിടത്തോളമുള്ള ചെറിയൊരു ഭേദഗതി, മറ്റൊന്ന് തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരം കൊടുക്കുന്നതു സംബന്ധിച്ച്, മൂന്ന് അവിശ്വാസപ്രമേയം. അതിൽ നിലവിലുള്ള നിയമത്തിൽ ഒരു ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. അതുപോലെതന്നെ ആകസ്മികമായി ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് പെട്ടെന്ന് റിപ്പോർട്ടു ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള ഭേദഗതി. ഈ നാലു പ്രധാനപ്പെട്ട കാര്യങ്ങൾ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുന്ന അവസരത്തിൽ ഇതു സംബന്ധിച്ചും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചും കുറെയധികം കാര്യങ്ങൾ പറഞ്ഞു. ജനകീയാസൂത്രണത്തിന് ഫണ്ട് വിനിയോഗം അതുപോലെ വാർഡ് വിഭജനം അതിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അതിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ പറഞ്ഞു. ഞാൻ അതിലേക്കു പോകുന്നില്ല. അതൊക്കെ വിശദമായി നമുക്ക് വീണ്ടും സബ്ജക്ട് കമ്മിറ്റിയിൽ വേണമെങ്കിൽ പറയാം. അതല്ലെങ്കിൽ മറ്റൊരവസരത്തിൽ പറയാം.

ഇവിടെ കെട്ടിട നിർമ്മാണ നിയമം നിലവിലുണ്ടായിരുന്നത് 16 കൊല്ലം മുൻപുള്ളതാണ്. ആ 16 കൊല്ലത്തിനുശേഷം വലിയ മാറ്റമാണ് നമ്മുടെ രാജ്യത്ത് വന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും നമ്മുടെ പട്ടണങ്ങൾ : അതിവേഗതയിലുള്ള അതിന്റെ വളർച്ച ഒട്ടേറെ പുതിയ പ്രശ്നങ്ങളുണ്ടാക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നൂറുകണക്കിന് കെട്ടിടങ്ങൾ ദിവസേന ഉയർന്നു വരുന്നുണ്ട്. ഫ്ളാറ്റുകളുണ്ടാകുന്നുണ്ട്, ബഹുനില മന്ദിരങ്ങളുണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വളർച്ച ഒരു ഭാഗത്ത് നല്ല കാര്യമായി നമ്മൾ കാണുന്നതൊടൊപ്പം തന്നെ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്, എന്നുള്ളതും നമ്മളെല്ലാം മനസ്സിലാക്കേണ്ടതാണ്. വലിയ ഫ്ളാറ്റുകൾ സ്ഥിതി ചെയ്യുന്നതിന്റെ താഴെ കൂരകളിൽ താമസിക്കുന്നയാളുകൾക്ക് വെള്ളം കിട്ടുന്നില്ല, വെളിച്ചം കിട്ടുന്നില്ല എന്നുള്ള പരാതി മിക്കവാറും പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിത്യ സംഭവമായി മാറിയിരിക്കുകയാണ്. അതുപോലെ തന്നെ രണ്ടും മൂന്നും സെന്റു ഭൂമി വാങ്ങിച്ച് വീടുകൾ വയ്ക്കുക എന്നുള്ളത് സാധാരണക്കാരെയും പാവപ്പെട്ടവരെയും സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ കഴിയാത്ത തരത്തിൽ ഭൂമിയുടെ വില ഉയർന്നു വന്നിട്ടുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾത്തന്നെ, നമ്മുടെ പട്ടണങ്ങൾ വ്യാപാര വ്യവസായ കേന്ദ്രങ്ങൾ-അതിന്റെ വളർച്ച, ജനത്തിരക്ക്, വാഹനത്തിരക്ക് ഇതെല്ലാം വലിയ സങ്കീർണ്ണമായ സ്ഥിതിയിലാണ് വരുന്നത്; കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇനിയും ആവശ്യമായി വരും. വീടുകൾ വയ്ക്കേണ്ടിവരും. ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ വീടുകൾ വയ്ക്കേണ്ടിവരും. നമ്മുടെ ഏതു പട്ടണങ്ങളിലൂടെ യാത്ര ചെയ്യുകയാണെങ്കിലും അര മണിക്കൂർ വണ്ടി നിറുത്താതെ അല്ലെങ്കിൽ ആ രീതിയിൽ അല്ലാതെ പോകാൻ കഴിയില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. രണ്ടു ഭാഗവും പരിഗണിച്ചുകൊണ്ട് നിലവിലുള്ള നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്നാണ് ഗവൺമെന്റ് ചിന്തിച്ചത്. ആ മാറ്റം വരുത്തുന്നതിനു മുൻപ് ബന്ധപ്പെട്ട മേഖലകളിൽ അതിനെ സംബന്ധിച്ചിടത്തോളം കുറെയേറെ കാര്യങ്ങൾ നല്ല രീതിയിൽ പറയാൻ കഴിയുന്ന സംഘടനകളെ മുഴുവൻ വിളിച്ച് അവരുമായി രണ്ടുവട്ടം ചർച്ചകൾ നടത്തി. അതിന്റെ അടിസ്ഥാനത്തിലാണ് അതിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് പ്രസിദ്ധീകരിച്ചത്. പ്രസിദ്ധീകരിച്ചുകഴിഞ്ഞതിനുശേഷം പൊതുവേ അതിനെ സ്വാഗതം ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായതെങ്കിലും ഇനിയും ചില വകുപ്പുകളിൽ മാറ്റം വേണമെന്ന് അഭിപ്രായങ്ങൾ വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കഴിഞ്ഞ രണ്ടാഴ്ച മറ്റു ബന്ധപ്പെട്ട സംഘടനകളെ വിളിച്ചുകൂട്ടി ചർച്ചചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ വരുത്താൻ ഗവൺമെന്റ് വീണ്ടും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സർ, നിയമവിരുദ്ധമായി വരുത്തിയിട്ടുള്ള കൺസ്ട്രക്ഷൻ-അതിന്റെ കട്ട് ഓഫ് ഡേറ്റ് ഓരോ തവണയും മാറ്റിക്കൊണ്ടുവന്നാൽ ഇത് എന്നെങ്കിലും അവസാനിപ്പിക്കാൻ സാധിക്കുമോ ? എന്തിനുവേണ്ടിയാണ് മാറ്റം വരുത്തുന്നത് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : പറയാം. ഞാൻ അത് നോട്ടുചെയ്തിട്ടുണ്ട്. ഇന്നത്തെ ചർച്ചയിൽ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിൽ കുറെക്കൂടി മാറ്റങ്ങൾ വേണ്ടിവരുമെന്നാണ് ഗവൺമെന്റ് കണ്ടിട്ടുള്ളത്. അതിൽ നമ്മൾ കാണേണ്ട ഒരുകാര്യം കെട്ടിട നിർമ്മാണ നിയമം മുനിസിപ്പാലിറ്റികളെ സംബന്ധിച്ചു മാത്രമാണ് ഉണ്ടായിരുന്നത്. കേരളത്തിൽ അപൂർവം പഞ്ചായത്തുകളിൽ മാത്രമാണ് അതു ബാധകമായിട്ടുള്ളത്. ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ നിയമമില്ല. അതിന്റെ ഫലമായി ഒട്ടേറെ പ്രശ്നങ്ങൾ വരുമെന്നുള്ളത് നമുക്കറിയാം. അതുകൊണ്ട് കെട്ടിട നിർമ്മാണ നിയമം പഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒന്നാണിത്. അതു വരുമ്പോൾ നാനാവിധത്തിൽ എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ കഴിയും. ഇവിടെ ഇപ്പോൾ വന്നിട്ടുള്ള പ്രധാനപ്പെട്ട ഒരു മാറ്റം, നിലവിൽ നമ്മുടെ കെട്ടിടം നിൽക്കുന്നത് റോഡിൽ നിന്നും മൂന്നു മീറ്റർ വിട്ടാണ്. രണ്ടാമത്, പ്രധാനപ്പെട്ട റോഡുകളുടെ വശത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അനുമതി കൊടുക്കുന്നതിൽ,

2 PM.]

LIBRARY ARCHIVES Kerala Legislative Assembly

ചിലയിടങ്ങളിലെങ്കിലും മൂന്ന് മീറ്റർ ഇല്ല. മൂന്ന് മീറ്റർ വിട്ട് കെട്ടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ രണ്ടാമത്, നിലവിലുള്ള കെട്ടിടത്തിന്റെ മേൽ നിലകൾ പണിയണമെന്നുണ്ടെങ്കിൽ ആ കെട്ടിടത്തിൽ മൂന്ന് മീറ്റർ മാറ്റിവയ്ക്കണമെന്നുവച്ചാൽ റോഡിൽനിന്ന് മൂന്ന് മീറ്റർ മാറ്റുമ്പോൾ കെട്ടിടത്തിൽ നിലവിലുള്ള അതിന്റെ കോളത്തിൽവച്ച് കെട്ടാൻ കഴിയുകയില്ല. ഇത് ഒരു വലിയ പ്രശ്നമാണ്. അപ്പോൾ അതിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ടവരുമായൊക്കെ ചർച്ച ചെയ്യും. നിലവിലുള്ള കെട്ടിടത്തിൽ ഒരു നിലയുണ്ടായിരി ക്കും. രണ്ട് നിലയുണ്ടെന്നുണ്ടെങ്കിൽ പരമാവധി വന്നാൽ ഒരുനിലകൂടി അനുവദിക്കും. ഒരു നിലയാണെന്നുണ്ടെങ്കിൽ രണ്ട് നിലകൂടി കൊടുക്കാം. ഇതാണ് അതിൽ പ്രധാനപ്പെട്ട ഒരുകാര്യം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇങ്ങനെ ചെയ്യുന്നതുകൊണ്ട് വലിയ ദോഷമുണ്ടെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ, ഒരു ടൗണിലോ അല്ലെങ്കിൽ ഒരു സ്ഥലത്തോ ഉള്ള ഒരു പാവപ്പെട്ട ആൾ ഒരു ചെറിയ വീടുവെച്ചുവെന്നിരിക്കട്ടെ. അതിന് നല്ല ഫൗണ്ടേഷൻ കൊടുക്കാൻ കഴിഞ്ഞില്ല. അവർ പിന്നെ ഗൾഫിലൊക്കെ പോയിവന്നിട്ട് നല്ല വീട് വയ്ക്കണമെന്നുവിചാരിച്ചാൽഅത് പൊളിക്കാതെ അവിടെ തുടങ്ങാൻ കഴിയുകയില്ല. ആദ്യം നല്ല ഫൗണ്ടേഷൻ ഇട്ട സമ്പന്നന് രണ്ടാമത്തേതും മൂന്നാമത്തേതുമുണ്ടാക്കാം. പാവപ്പെട്ടവന് അത് പൊളിച്ച് ചെയ്യാനുള്ള പ്രാവിഷനില്ല. അതുകൊണ്ട് അത് കൂടി വേണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അതിൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് പാവപ്പെട്ടവരും പണക്കാരുംനോക്കിയിട്ടല്ല. എല്ലാ പ്രശ്നവും ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയുകയില്ല. അത് ഇന്ന് നിലവിലുള്ള ഒരു യാഥാർത്ഥ്യമാണ്. കെട്ടിടം-ഇങ്ങനെ നിൽക്കുന്നുണ്ടെന്നുള്ളത്. അവിടെ ഇത്തരത്തിലുള്ള ഒരു മാറ്റമാണ് ഉദ്ദേശിച്ചത്. രണ്ടാമത്, ചില റോഡിൽ നിന്നും കെട്ടിടം ഉയർന്നുനിൽക്കുന്നു. ആ കെട്ടിടം ഉയർന്നു നിൽക്കുന്ന മൂന്ന് മീറ്ററിനകത്ത് ഏണിപ്പടിയോ അതുപോലുള്ള കാര്യങ്ങളോ വയ്ക്കാൻ പാടില്ലെന്നുള്ളതാണ് നിലവിലുള്ള നിയമം. അത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് അത് അവിടെ നടക്കണമെന്നുള്ളതാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോർജ്ജ് : സർ, ബഹുമാനപ്പെട്ട ആര്യാടൻ പ്രസംഗിച്ചത് മുഴുവൻ ഒരു കാരണവശാലും ഈ നിയമം പാടില്ല, തെറ്റാണെന്നാണ്. ഇപ്പോൾ അദ്ദേഹം തിരിച്ച് പറഞ്ഞിരിക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ യാഥാർത്ഥ്യം സത്യം, നേരത്തേയുള്ള നിയമപ്രകാരം പഞ്ചായത്തിനകത്ത് കെട്ടിടം വയ്ക്കുന്നതിന് ഒരു നിയമങ്ങളുമില്ലായിരുന്നു. ഇപ്പോൾ മൂന്നു മീറ്റർ വിട്ട് കെട്ടിടം വയ്ക്കണമെന്ന് ഒരു നിയമം പുതുതായി ഉണ്ടാക്കിയതാണ്. അതുകൊണ്ട് കഴിഞ്ഞകാലങ്ങളിൽ ഈ ആക്ട് നിലവിലില്ലാതിരുന്ന പഞ്ചായത്തുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഇപ്പോൾ ഇത് കൊണ്ടുവന്നതെന്ന് പറഞ്ഞു.അതുപോലെ മൂന്ന് സെന്റോ അതിൽ കുറവോ ഭൂമിയാണെങ്കിൽ ഈ നിയമം ബാധകമല്ലെന്നസത്യം നിലനിൽക്കുന്നില്ലേ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഞാൻ അതിലേക്ക് വരുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ അങ്ങ് കൊണ്ടുവന്ന പലതിനേയും അനുകൂലിച്ചാണ് പറഞ്ഞത്. ക്ലോസ് 7-നെക്കുറിച്ച് ഞാൻ സംസാരിച്ചിട്ടേയില്ല. ഞാൻ നോട്ടു ചെയ്തിരുന്നു. സമയമില്ലാത്തതുകൊണ്ട് സ്പീക്കർ പറഞ്ഞപ്പോൾ ഞാൻ ടച്ച് ചെയ്തിട്ടില്ല. ചിലതിനെ ഞാൻ അനുകൂലിച്ചു. ഒന്നും രണ്ടുമൊക്കെ ഞാൻ അനുകൂലിച്ചതാണ്. പിന്നെ ആരും പറയാത്തതൊക്കെ കേൾക്കാനുള്ള ഒരു കഴിവ് ദൈവം ജോർജിന് കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, പിന്നെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം, കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള വ്യവസ്ഥ 1999 ഒക്ടോബർ 1-ന് നിലവിൽ വരേണ്ടതായിരുന്നു. പക്ഷേ, അതിനാവശ്യമായിട്ടുള്ള ചട്ടങ്ങൾ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണ് 2000 ഏപ്രിൽ 1-ലേക്ക് അത് വീണ്ടും മാറ്റാൻ ഉദ്ദേശിച്ചത്. അതല്ലാതെ ദുരുദ്ദേശമൊന്നും അതിനകത്തില്ല.

പിന്നെ ഇവിടെ പറഞ്ഞിട്ടുള്ളത് പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ആര്യാടൻ അതുസംബന്ധിച്ച് ഇവിടെ പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. വാർഡ് വിഭജനത്തിനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് ഈ ഗവൺമെന്റ് വിട്ടുകൊടുത്തു. 990 ഗ്രാമപഞ്ചായത്തുകളുണ്ട്. ആ ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം ബന്ധപ്പെട്ട സെക്രട്ടറിമാർ നടത്തി, അതുസംബന്ധിച്ചുള്ള അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം കളക്ടർക്കാണ് കൊടുത്തിരിക്കുന്നത്. മറ്റുള്ള മുനിസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എല്ലാംതന്നെ ഇലക്ഷൻ കമ്മീഷന്റെ അധികാരത്തിൽപ്പെട്ടതാണ്. അത് അവർതന്നെയാണ് പരിശോധിക്കുന്നത്. ഇത് ഇങ്ങനെ വന്നപ്പോൾ, ഒരുപക്ഷേ, ഇപ്പോൾ മറന്നുപോയതായിരിക്കും, കേരളത്തിലെ ഉദ്യോഗസ്ഥന്മാരെല്ലാംതന്നെ ഗവൺമെന്റിനെ പലവിധത്തിൽ സ്വാധീനിക്കും, അതുകൊണ്ട് പ്രതിപക്ഷത്തെ സംബന്ധിച്ച് നീതി കിട്ടാനുള്ള സാദ്ധ്യതയില്ല അതുകൊണ്ട് തെരഞ്ഞടുപ്പ് കമ്മീഷൻ തന്നെ അതുസംബന്ധിച്ച് അന്തിമമായ തീരുമാനമെടുക്കണമെന്നുള്ള ആവശ്യം പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്നു. അവസാനം തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു. ആ യോഗത്തിലും, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞതുപോലെ സെക്രട്ടറിയെ അധികാരപ്പെടുത്തണമെന്നല്ല, ഇലക്ഷൻ കമ്മീഷന് അധികാരം കൊടുക്കണമെന്നുള്ള നിർദ്ദേശം വന്നു. ഗവൺമെന്റ് അത് പരിഗണിച്ചു കൊണ്ടാണ് ഓർഡിനൻസ് ഇറക്കിയത്. അതാണ് ബില്ലാക്കുന്നത്. ആർക്ക് കൊടുത്തിട്ടുണ്ടെങ്കിലും സംശയം തീരുകയില്ലെന്നുള്ളത് ശരിയല്ലല്ലോ. വാർഡ് വിഭജനത്തിന്റെ കാര്യമൊക്കെ ഇവിടെ വാചാലമായി സംസാരിച്ചിട്ടുള്ളത് കഴിഞ്ഞകാലത്തേക്കൊന്ന് തിരിഞ്ഞുനോക്കണ്ടേ ? ഞാൻ അതിലേക്ക് പോകുന്നില്ല. 340 വോട്ടർമാരും 3800 വോട്ടർമാരുമുള്ള വാർഡ് തെരഞ്ഞെടുപ്പ് കഴിഞ്ഞുവന്നവരല്ലേ ? ഞാൻ അതിലേക്ക് പോകുന്നില്ല. ഇപ്പോൾ ചെയ്യുന്നത് അതിന്റെ ന്യായീകരണത്തിനു വേണ്ടിയല്ല. വളരെ വ്യക്തമായ മാനദണ്ഡം വാർഡ് വിഭജനത്തെ സംബന്ധിച്ച് കൊടുത്തിട്ടുണ്ട്. അത് പ്രകാരം മാത്രമേ വാർഡ് വിഭജിക്കുകയുള്ളൂ. പിന്നെ പറഞ്ഞ ഒരു കാര്യം ഇതെല്ലാം നേരിട്ട് ഡെപ്യൂട്ടി ഡയറക്ടർമാരും അതുപോലുള്ള ആളുകളുമാണ് പരിശോധിക്കുന്നതെന്നാണ്. എങ്ങനെയാണ് അങ്ങനെ പറയുന്നത് ? 990 പഞ്ചായത്തുകളിൽ ശരാശരി 15 വാർഡ് വീതം കൂടിയിട്ടുണ്ടെങ്കിൽ 16, 000-ത്തിൽപ്പരം വരുന്ന വാർഡുകളിലൊക്കെ വ്യത്യസ്തമായ രീതിയിൽ വരുന്ന കംപ്ലയിന്റ് ഒരു വ്യക്തി അതിന്റെ പേപ്പർ മുഴുവൻ എടുത്ത് പരിശോധിക്കുക, ഏതെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ ? എന്നിട്ട് പറയുന്നത് എന്താണ് ? ഇവരാണ് തീരുമാനിക്കുന്നതെന്നാണ്. ഇല്ലല്ലേ. തീരുമാനിക്കുന്നത് ഡെപ്യൂട്ടി ഡയറക്ടർമാരല്ല, വാർഡ് വിഭജനത്തെ സംബന്ധിച്ചിടത്തോളം അന്തിമമായ തീരുമാനമെടുക്കാൻ അധികാരമുള്ള ഇലക്ഷൻ കമ്മീഷന് അതിന്റെ വസ്തുതകൾ അവർ ശേഖരിക്കുന്നു. എന്നുള്ളതല്ലേ? അത് വേണ്ടേ ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വാർഡ് വിഭജനത്തെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്കൊന്നും പോകുന്നില്ല. എനിക്ക് ഒരു സംശയം, ഇലക്ഷൻ കമ്മീഷന് ഈ അധികാരം കൊടുത്തപ്പോൾ സുവോമോട്ടോ ആയിട്ട് എന്നാണ് ഈ അധികാരം കൊടുത്തത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇലക്ഷൻ കമ്മീഷന് ഇൻഡ്യാ രാജ്യത്ത് മിക്ക സംസ്ഥാനങ്ങളിലും ആറു വർഷമാണ് കാലാവധി. കേരളത്തിൽ അത് 4 ആയിരുന്നു. അത് 5 ആക്കി വർദ്ധിപ്പിച്ചു.

ശ്രീ. ടി. എം. ജേക്കബ്: സർ, വാർഡ് ഡീലിമിറ്റേഷന് പരാതികളൊന്നുമില്ലാതെ സുവോമോട്ടോ ആയിട്ട് ഇലക്ഷൻ കമ്മീഷന് പരിശോധിക്കാമെന്നുള്ള ഒരു പ്രൊവിഷൻ ഇപ്പോൾ കൂട്ടിച്ചേർത്തിട്ടുണ്ട്. അത് എന്തിനുവേണ്ടിയാണ് ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : സർ, അത് അധികാരം കൊടുക്കാതെ തന്നെ ഇലക്ഷൻ കമ്മീഷനുള്ളതാണ്. അത് രണ്ടും രണ്ടാണ്. അതുകൊണ്ട് എന്തെങ്കിലുമൊരു പ്രത്യേക പ്രശ്നം അതിനകത്ത് വരുന്നില്ല. പിന്നെ ഇവിടെ പറഞ്ഞു, ആദ്യം നമ്മുടെ നിയമത്തിലുണ്ടായിരുന്നത് അവിശ്വാസപ്രമേയം വരുന്ന ഘട്ടത്തിൽ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയുള്ളവരുടെ അദ്ധ്യക്ഷതയിൽ തീരുമാനമെടുക്കണം എന്നായിരുന്നു. കുറച്ചുകൂടി ജനാധിപത്യപരമാക്കുന്നതിനു വേണ്ടിയാണ് നമ്മൾ അങ്ങനെ ചെയ്തത്. അത് നല്ലരീതിയിൽ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധാരാളം പഞ്ചായത്തുകളുണ്ട്. പക്ഷേ, അപൂർവ്വമാണെന്നുണ്ടെങ്കിൽപ്പോലും ചില പഞ്ചായത്തുകളിൽ വളരെ തെറ്റായ രീതിയിൽ അത് കൈകാര്യം ചെയ്തു. പദ്ധതിവിഹിതംപോലും വാങ്ങിക്കാൻ കഴിയാത്ത ഒരവസ്ഥ വന്നപ്പോൾ, കാലക്രമത്തിൽ നമുക്ക് വീണ്ടും മാറ്റം വരുത്താം. പക്ഷേ, തൽക്കാലം ഇങ്ങനെയൊരു വ്യവസ്ഥ വയ്ക്കുന്നതാണ് നല്ലതെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് ജനപ്രതിനിധികളെ ആ സ്ഥാനത്തു നിന്ന് ഒഴിവാക്കിയിട്ടുള്ളത്. അതൊരു പക്ഷേ, അധികാരം കൊടുത്തിട്ടുള്ളത് തിരിച്ചു പിടിക്കാനാണ്, പുറകോട്ടു പോകാനാണ്, എന്ന് വ്യാഖ്യാനിക്കാം. പക്ഷേ, പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടു കൂടി പരിഗണിച്ചാണ് അത് ചെയ്തിട്ടുള്ളത്.

പിന്നെ ഇവിടെ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ വേണ്ടി സമയം കൊടുക്കുക: അത് വളരെ തമാശയായി ശ്രീ. ആര്യാടൻമുഹമ്മദ് ഇവിടെ വിശദീകരിക്കുകയും ചെയ്തു. കെട്ടിടം അനധികൃതമായി നിർമ്മിക്കുന്നുണ്ട്. ആ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഒരു പിരീയഡ് ഇതിനു മുമ്പ് കൊടുത്തിരുന്നു. അങ്ങനെ കൊടുത്ത് അതിൽ കുറെ ക്രമവൽക്കരിച്ചുപോയി. അതിൽ ദുരുദ്ദേശമൊന്നുമില്ല. ഗവൺമെന്റിന്റെ റോഡ് വികസനം തടയുന്നു, അതല്ലെങ്കിൽ മറ്റ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നു കാണുന്നിടത്ത് അത് പൊളിച്ചുമാറ്റാൻ വേണ്ടി പറയും. അതല്ലാതെ കെട്ടിടം നിർമ്മിച്ചു കഴിഞ്ഞാൽ അത് ക്രമവൽക്കരിച്ചു കൊടുക്കുകയെന്നുള്ളത് ആ അടിസ്ഥാനത്തിലാണ് വന്നത്. അതുതന്നെ ബഹുമാനപ്പെട്ട മെമ്പർ വിഷമിക്കുന്നതു പോലുള്ള കാര്യങ്ങൾ ഇല്ല 1999 ഒക്ടോബർ 15 വരെ തുടങ്ങിയതും നിർമ്മാണം പൂർത്തിയാക്കിയതുമായിട്ടുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എടുത്ത് അത് മാത്രമാണ് ക്രമവൽക്കരിക്കുന്നത്. അതല്ലാതെ ഇഷ്ടം പോലെ നാളെയും മറ്റന്നാളും ഉണ്ടാക്കുന്നതല്ല. അങ്ങനെ ഒരവസരം അവർക്ക് കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകും. അതാണിതിന്റെ ഉള്ളിലുള്ളത്.

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : എക്സംപ്ഷന്റെ പ്രശ്നം ഇതാണ്: ആറു നിലക്കെട്ടിടങ്ങൾ വരെ കാർപാർക്ക് ഇല്ലാതെ എറണാകുളം നഗരത്തിൽ പണിതിട്ടുണ്ട്, അതൊക്കെ റെഗുലറൈസ് ചെയ്യാൻ പോകുകയാണോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഞാൻ ഇവിടെ പറഞ്ഞ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളമുള്ള തീരുമാനം രണ്ടു രീതിയിലാണ്. ഒന്ന്, ക്രമവൽക്കരിച്ചു കൊടുക്കുക. പൊതുതാൽപ്പര്യത്തിന് എതിരാണെന്നു കണ്ടാൽ, ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്നു കണ്ടാൽ, അങ്ങനെയുള്ളതു പൊളിച്ചുമാറ്റും. ഇവിടെ പൊളിച്ചിട്ടുണ്ടല്ലോ. തിരുവനന്തപുരം നഗരത്തിൽ 4, 5, 8 നിലകൾവരെയുള്ള അര ഡസനോളം കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയ സംഭവമുണ്ടല്ലോ. അതിലൊന്നും യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയും ചെയ്യുകയില്ല. എല്ലാം പൊളിക്കണമെന്നു പറഞ്ഞാൽ..... അനധികൃതമായി കെട്ടിടങ്ങൾ വയ്ക്കാതിരിക്കാൻ വേണ്ടി വലിയ ശ്രമം നടക്കുന്നുണ്ട്. അതിന്റെ കൂടെ വല്ലതും വച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഈ രീതിയിലുള്ള തീരുമാനം ഈ തീയതിയ്ക്കകം എടുത്തിട്ടുണ്ട്. ഇനിയും ഇതിലുള്ള ന്യൂനതകൾ നമ്മുടെ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വീണ്ടും അത് വന്നതിനുശേഷം നമുക്ക് നോക്കാം. ഈ ബിൽ തദ്ദേശഭരണവും സഹകരണവും എന്ന IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി.ജെ. പൗലോസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും സഭ നിരാകരിച്ചു.

2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച് IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000-ാമാണ്ട് മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 2.15-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly